വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
ജൂൺ

Coirfed

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)

## ബജറ്റ്: കടലോളം കാരുണ്യം, ആഘാതമകറ്റാൻ വീണ്ടും പാക്കേജ്



**രസക്കയർ...**

- തൊണ്ടുകൊണ്ടൊരു ഹെൽമറ്റ്
- മമ്മൂട്ടി 'തുടങ്ങിയ' കയർ ഫാക്ടറി
- കൊക്കോ ദ് മേർ: അത്ഭുത തെങ്ങ്

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed

'ആഘോഷം ഏതുമാവട്ടെ അനുയോജ്യ
സമ്മാനം കയർഫെഡ് മെത്തകൾ തന്നെ'



*ഈ ഓഫർ നിബന്ധനകൾക്ക് വിധേയം


അവിശ്വസനീയമായ
ഓഫറുകളുമായി
കയർഫെഡ്..!

കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി
തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!



Cocofert


Mattings


Tiles

Customer Care Number :
0477 2243627



Mats



Briquette


Coco Pot

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

**Tel: 0477 2243627, 2243628 , 2243629** www.coirfed.in, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

**Head Office. No : +91 8281009840, +91 8281009828, +91 9495605091** | **Alappuzha :** 8281009856 | **Chalakkudy :** 8281009859 | **Chengannur :** 8281009854 | **Ernakulam :** 8281009858 | **Kannur :** 8281009864 | **Kayamkulam :** 8281009850 | **Kollam :** 8281009849 | **Kottayam :** 8281009857 | **Kozhikode :** 8281009863 | **Malappuram :** 8281009862 **Mavelikkara :** 8281009852 | **Nangiyarkulangara :** 8281009853 | **Narmada (Tvm) :** 8281009845 | **Parippally :** 8281009848 | **Palakkad :** 8281009826 | **Sulthan Batherry :** 8281009865 | **Thrissur :** 8281009860 | **Tirur :** 8281009861 | **Trida (Tvm) :** 8281009846 | **Ananthapuri :** 8281009847 | **Pathanamthitta :** 8281009873 | **Sreekayam :** 9349109251

കയർ
വ്യവസായം

# ഉള്ളടക്കം

**Vol-4, No.-11**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**



PAGE 06
ബജറ്റ് അവലോകനം:
കടലോളം കാരുണ്യം,
ആഘാതമകറ്റാൻ
വീണ്ടും പാക്കേജ്

PAGE 12



ആത്മവിശ്വാസം
പകരുന്ന ബജറ്റ്

PAGE 14



ചെറുകിട വ്യവസായമേഖലക്ക്
സർക്കാരിന്റെ കൈത്താങ്ങ്

PAGE 20




ലക്ഷദ്വീപിനെ
ജനാധിപത്യ ധ്വംസനത്തിന്റെ
പരീക്ഷണശാലയാക്കരുത്

PAGE 31



സുശീലാ ഗോപാലൻ
വിപ്ലവ വഴിയിലെ
രക്തതാരകം

ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

# ലക്ഷദ്വീപിൽ ഭരണകൂടം അശാന്തി വിതയ്ക്കുമ്പോൾ

എഡിറ്റോറിയൽ

**നാ**നാത്വത്തിലെ ഏകത്വംകൊണ്ട് ലോകത്തെ വിസ്മയിപ്പിച്ച രാജ്യമാണ് ഇന്ത്യ. ഇന്ത്യയെന്നത് ഭൂമിശാസ്ത്രപരമായ ഒരു സത്ത മാത്രമല്ല വ്യത്യസ്തങ്ങളായ ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും തത്വചിന്തകളുടേയും ജീവിത രീതികളുടേയുമെല്ലാം സംഘാതം കൂടിയാണ്. ഈ നാടിന്റെ ആത്മാവ് കുടികൊള്ളുന്നത് അതിന്റെ ബഹുസ്വരതയിലും പാരസ്പര്യത്തിലുമാണ്. മതം, ഭാഷ, സംസ്കാരം, ആചാര-അനുഷ്ഠാനങ്ങൾ, ഭക്ഷണം തുടങ്ങി എല്ലാത്തരം വൈവിധ്യങ്ങളും നിലനിർത്തി സമത്വവും തുല്യനീതിയും പൗരന്മാർക്കുറപ്പാക്കുന്ന ഭരണഘടനയാണ് ഈ ജനാധിപത്യ രാജ്യത്തിന്റെ ശക്തി. ജനാധിപത്യത്തിന്റെയും തുല്യതയുടെയും സ്വാതന്ത്ര്യബോധത്തിന്റെയും വിശാല സങ്കൽപ്പങ്ങളാണ് നമ്മുടെ ഭരണഘടനാ ശിൽപ്പികളെ നയിച്ചതെന്ന് അതിന്റെ ഉള്ളടക്കം തെളിയിക്കുന്നുമുണ്ട്.

ജനങ്ങൾക്ക് ഏത് മതത്തിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും, ഭക്ഷണ ക്രമത്തിലായാലും ആചാര-അനുഷ്ഠാനങ്ങളിലായാലും സാംസ്കാരികത്തനിമയിലായാലും തങ്ങളുടേതായ സ്വത്വം കാത്തു സൂക്ഷിക്കാനും ഓരോ സമൂഹിക വിഭാഗത്തിനും അവകാശം നൽകുമെന്ന് ഭരണഘടന ഉറപ്പുപറയുന്നുണ്ട്. പൗരന്മാരുടെ അഭിപ്രായസ്വാതന്ത്ര്യവും ആത്മാഭിമാനവും അത് കാത്തുസൂക്ഷിക്കുന്നു. നമ്മുടെ ജനതയുടെയും നമ്മുടെ രാജ്യത്തിന്റെയും സമ്പന്നമായ ബഹുസ്വരതയെയും നാനാത്വത്തെയുമാണ് ഭരണഘടന പ്രതിഫലിപ്പിക്കുന്നത്. ഈ നാനാത്വത്തിലെ സാർവജനീനമായ ധാരകളെ ശക്തിപ്പെടുത്തുകയും ഈ ബഹു

# എഡിറ്റോറിയൽ

സ്വരതയുടെ എല്ലാ ഘടകങ്ങളെയും ഭാഷ, വംശം, മതം തുടങ്ങിയവയെ ബഹുമാനിക്കുകയും തുല്യതയുടെ അടിസ്ഥാനത്തിൽ അവയെ പരിഗണിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഇന്ത്യയുടെ ഐക്യം സുദൃഢമാവുകയുള്ളൂ. ഈ നാനാത്വത്തിൻമേൽ ഏതെങ്കിലും തരത്തിലുള്ള ഏകാത്മകത അടിച്ചേൽപിക്കാനുള്ള ഏതൊരു ശ്രമവും സാമൂഹികമായ പൊട്ടിത്തെറിയിലേക്ക് മാത്രമേ നയിക്കൂ.

ഇന്ത്യയുടെ ബഹുത്വത്തെയും ഭാഷാ ദേശീയതയെയും ഉൾക്കൊള്ളുന്ന മതനിരപേക്ഷ ഫെഡറൽ തത്വങ്ങളിലധിഷ്ഠിതമായ ജനാധിപത്യ തത്വങ്ങളെ അട്ടിമറിക്കാനുള്ള പലവിധ ശ്രമങ്ങളിൽ ഒടുവിലെത്തതാണ് ഇപ്പോൾ ലക്ഷദ്വീപിൽ അശാന്തി വിതക്കുന്നത്. ലക്ഷദ്വീപ് ജനതയുടെ സാംസ്കാരികത്തനിമയിൽ, ഭക്ഷണ ക്രമത്തിൽ, ജീവനോപാധികളിൽ ഒക്കെ ഏകാധിപത്യ പ്രവണതയോടെ കടന്നു കയറാനാണ് ഭരണകൂടവും അതിന്റെ പ്രതിനിധിയായ അഡ്മിനിസട്രേറ്ററും ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി ഇന്ത്യയിൽത്തന്നെ ഏറ്റവും കുറ്റകൃത്യ നിരക്ക് കുറവുള്ള അവിടെ ഗുണ്ടാ ആക്ട് നടപ്പിലാക്കുന്നു, അവിടുത്തെ ജനതയുടെ ഭക്ഷണ ശീലങ്ങൾ മാറ്റിമറിക്കുന്നു, അവരുടെ ജീവനോപാധികൾ തച്ചു തകർക്കുകയും തീരത്തു നിന്നും അവരെ ആട്ടിയോടിക്കുകയും ചെയ്യുന്നു.

ഒരു വശത്ത് ജുഗുപ്സാവഹമായ വർഗീയ താത്പര്യങ്ങളും മറുവശത്ത് ലജ്ജാകരമായ കോർപ്പറേറ്റ് പ്രീണനവുമാണ് ഈ നടപടികൾക്ക് പിന്നിലെന്ന് ഇന്ന് സംശയാതീതമായി തെളിഞ്ഞ് കഴിഞ്ഞു. ജനവിരുദ്ധമായ ഈ നീക്കത്തെ ഇന്ത്യൻ ഭരണ ഘടനയെ മുൻ നിർത്തി ചെറുത്തു തോൽപ്പിച്ചേ മതിയാകൂ.1956ലെ ഏഴാം ഭരണഘടന ഭേദഗതി പ്രകാരമാണ് കേന്ദ്രഭരണ പ്രദേശങ്ങൾ നിലവിൽ വന്നത്. ഒരു പ്രദേശത്തിന്റെ സാമ്പത്തികവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ തനിമയും വ്യത്യസ്തതയും നിലനിർത്താനും പരിപാലിക്കാനും ലക്ഷ്യം വെച്ചുകൊണ്ടാണ് കേന്ദ്രഭരണ പ്രദേശങ്ങൾ നമ്മുടെ ഭരണഘടന വിഭാവനം ചെയ്തത്. എന്നാലിന്ന് ലക്ഷദ്വീപിന്റെ സാമ്പത്തികവും സാംസ്കാരികവുമായ തനിമ തകർക്കുന്ന നിലപാടുകളാണ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഈ നയങ്ങൾ തിരുത്തുക തന്നെ വേണം. ജനങ്ങളെ ശത്രുപക്ഷത്തു നിർത്തിയും അവരെ വേട്ടയാടുക എന്ന ലക്ഷ്യത്തോടെയും കൊണ്ടുവന്ന ഭരണപരിഷ്കാര നടപടികൾക്ക് അറബിക്കടലിലാണ് സ്ഥാനം. അലകടൽപോലെ അലറിയടുത്ത ജനശക്തിക്കു മുൻപിൽ അടി പതറിയ ചരിത്രമേ അധികാര പ്രമത്തതക്കുള്ളൂ. സർ സിപി യുടെ അമേരിക്കൻ മോഡൽ ഭരണ ക്രമവും രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തെ ആകെ വിഷലിപ്തമാക്കിയ അടിയന്തിരാവസ്ഥയും അടക്കമുള്ള നിരവധി രാഷ്ട്രീയ സന്ദർഭങ്ങൾ പഠിപ്പിക്കുന്ന പാഠമതാണ്. ഭൂരിപക്ഷ സമൂഹത്തെ തങ്ങളുടെ വരുതിയിലാക്കാനുള്ള ഏറ്റവും ഫലപ്രദമായ ആയുധമായി ന്യൂനപക്ഷ വിരോധം ആളിക്കത്തിക്കാനുള്ള നീക്കം രാഷ്ട്രീയ ലാഭം കൊയ്യാനുപകരിക്കുമെങ്കിലും രാജ്യതാത്പര്യത്തിനും സാമൂഹ്യ പുരോഗതിക്കും അങ്ങേയറ്റം അപകടകരമാണെന്ന തിരിച്ചറിവ് ഭരണാധികാരിക്കില്ലാതെ പോകുന്നതു വിനാശകരമാണ്. ലക്ഷദ്വീപിൽ അശാന്തി വിതക്കുന്ന ഭരണകൂടം അതോർത്താൽ നന്ന്.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

## 2021 ബജറ്റ് അവലോകനം

# കടലോളം കാരുണ്യം: ആഘാതമകറ്റാൻ വീണ്ടും പാക്കേജ്




പ്രതിസന്ധിയുടെ രൂക്ഷസാഹചര്യത്തിലും ജനങ്ങളെ ചേർത്തുനിർത്തി രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ ബജറ്റ്. ആരോഗ്യമേഖലയിലും തീരപ്രദേശത്തും കൂടുതൽ ശ്രദ്ധപുലർത്തി പുതിയ നികുതി നിർദേശമില്ലാതെയാണ് ജനങ്ങളോടുള്ള പ്രതിബദ്ധത സർക്കാർ വ്യക്തമാക്കിയത്. ദുരന്തങ്ങൾക്ക് മുന്നിലേക്ക് നാടിനെ എറിഞ്ഞുകൊടുക്കില്ലെന്ന ഉറപ്പാണ് ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ കന്നി ബജറ്റ്. കോവിഡിനെ നേരിടാൻ 20,000 കോടി രൂപയുടെ പുതിയ പാക്കേജ്; പ്രതിസന്ധിയിലായവരെ നേരിട്ട് സഹായിക്കാൻ 8900 കോടി രൂപ. വായ്പ, സബ്സിഡി ഇനങ്ങളിൽ 8300 കോടി. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2800 കോടി രൂപയുടെ പദ്ധതി. രണ്ടാം തരംഗത്തിന്റെ ആഘാതത്തിൽനിന്ന് ജനങ്ങളെ കര കയറ്റും. മൂന്നാം തരംഗത്തെ നേരിടാൻ സംസ്ഥാനത്തെ പൂർണ സജ്ജമാക്കും. മുൻ ധനമന്ത്രി തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിലെ പദ്ധതികൾ പൂർണമായും നടപ്പാക്കും. പുതിയ സാഹചര്യത്തിലുള്ള കൂട്ടിച്ചേർക്കൽ മാത്രമാണ് പുതുക്കിയ ബജറ്റെന്ന് കെ.എൻ. ബാലഗോപാൽ പറഞ്ഞു.

കോവിഡിനൊപ്പമുള്ള ജീവിതം മുന്നിൽക്കണ്ട് ജനങ്ങളിലേക്ക് സർക്കാരെത്തുന്നതാണ് രണ്ടാം പാക്കേജും. ഒന്നാം പാക്കേജ് 20,000 കോടിയുടേതായിരുന്നെങ്കിലും കൂടുതൽ ചെലവഴിച്ചു. 18 വയസിനു മുകളിലുള്ള എല്ലാവർക്കും സൗജന്യ വാക്സിൻ വേഗം പ്രായോഗികമാക്കും. വാക്സിൻ വാങ്ങാൻ 1000 കോടി, അനുബന്ധ ഉപകരണങ്ങൾക്ക് 500 കോടി. ജീവവായുപോലും കിട്ടാതെ ഇന്ത്യയുടെ പലഭാഗത്തും ജനങ്ങൾ മരിച്ചുവീഴുമ്പോൾ കേരളം വേറിട്ടുനിൽക്കുന്നതും ഈ കരുതലിലൂടെ. കേരളം രോഗവ്യാപന ഭീഷണിയില്ലാത്ത നാടായാൽ വിനോദ സഞ്ചാരമേഖലയിൽ നേട്ടമാകും.

അധിക ഭാരമേൽപ്പിക്കാതെ സാമ്പത്തികരംഗത്തെ കൈപിടിച്ചുയർത്തലാണ് സർക്കാരിന്റെ





സമീപനം. വ്യാവസായിക, കാർഷിക മേഖലയിലെ നവപദ്ധതികൾ തൊഴിൽമേഖലയിൽ വലിയ ഉണർവുണ്ടാക്കും. ചെറുകിട വ്യവസായമേഖലയെ കൈയയച്ച് സഹായിക്കുക യാണ്. പ്രതിസന്ധിഘട്ടത്തിൽ ജനത്തോടൊപ്പം നിന്ന് മറികടക്കലാണ് പ്രധാനം. അതിന് കടമെടുക്കേണ്ടിവരും, തിരിച്ചടവിനുള്ള പണം കണ്ടെത്തുകയും ചെയ്യും. വരുമാനവർധനയ്ക്കും ചെലവ് ചുരുക്കാനുമുള്ള ശക്തമായ നടപടികൾ രോഗസാഹചര്യം മാറിയാലുണ്ടാകുമെന്ന് മന്ത്രി വ്യക്തമാക്കി.

കടലാക്രമണമടക്കം തീരപ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആധുനിക സംവിധാനങ്ങളൊരുക്കാൻ 11,000 കോടി. കുടുംബശ്രീയെ ശക്തമാക്കും, 10,000 പുതിയ അയൽക്കൂട്ടം. ഓൺലൈൻ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതോടെ 'ഡിജിറ്റൽ ഡിവൈഡ്' ഇല്ലാതാക്കും.

### പുതുക്കിയ ബജറ്റ് ഒറ്റനോട്ടത്തിൽ; പ്രധാനപ്രഖ്യാപനങ്ങൾ

കോവിഡ് മഹാമാരിയെ നേരിടുന്നതിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ആശ്വാസ ബജറ്റാണ് ധനമന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ചത്.

● കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ്.

● ഈ പാക്കേജിൽ ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപ.

● ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കൈയിലെത്തിക്കുന്നതിനായി 8900 കോടി രൂപ.

● സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8,300 കോടി രൂപ ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനുള്ള പാക്കേജ്.

● സൗജന്യ വാക്സിൻ വാങ്ങി നൽകുന്നതിനായി 1,000 കോടി രൂപ. അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 500 കോടി രൂപ.

● കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ, നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിന് വർഷം 559 കോടി രൂപ ഗ്രാന്റിനോടൊപ്പം സംസ്ഥാന സർക്കാർ വിഹിതവും പ്രാദേശിക സർക്കാർ വിഹിതവും സമന്വയിപ്പിച്ച് ആരോഗ്യ സ്ഥാപനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടികൾ.



● തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ ബ്ലോക്കുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപ.

● സ്ഥല ലഭ്യതയുള്ള ജില്ലാ ആശുപത്രികളിലും തെരഞ്ഞെടുത്ത ജനറൽ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും പീഡിയാട്രിക് ഐസിയു വാർഡുകൾ നിർമ്മിക്കും. പ്രാരംഭ ഘട്ടമായി 25 കോടി രൂപ.

● 150 മെട്രിക് ടൺ ശേഷിയുള്ള ഒരു ലിക്വിഡ് മെഡിക്കൽ ഓക്സിജൻ (LMO) പ്ലാന്റ്. ഇതിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിനും പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കുമായി 25 ലക്ഷം രൂപ.

● എല്ലാ സിഎച്ച്സി, താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ. 636.5 കോടി രൂപ

● എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും നിലവിലുള്ള ഓട്ടോക്ലേവ് റൂം സി.എസ്.എസ്.ഡിയാക്കി (CSSD) മാറ്റുന്നുഈ വർഷം 25 CSSDകൾ നിർമിക്കുന്നതിന് 18.75 കോടി രൂപ.



*ബജറ്റ് അവതരിപ്പിച്ച ധനമന്ത്രി കെ.എൻ. ബാലഗോപാലിനെ മുഖ്യമന്ത്രി പിണറായി വിജയൻ സീറ്റിലെത്തി അഭിനന്ദിക്കുന്നു. മന്ത്രിമാരായ കെ. രാജൻ, വി. ശിവൻകുട്ടി, വി.എൻ. വാസവൻ, എ.കെ. ശശീന്ദ്രൻ, എം.വി. ഗോവിന്ദൻ, കെ. കൃഷ്ണൻകുട്ടി, ആർ. ബിന്ദു തുടങ്ങിയവർ സമീപം.*

● അമേരിക്കയിലുള്ള Cetnre for Disease Control ന്റെ മാതൃകയിൽ ഒരു സ്ഥാപനം വിശദ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുവാനും 50 ലക്ഷം രൂപ.

● ആതുര ശുശ്രൂഷയുമായി ബന്ധപ്പെട്ട ഉത്പന്നങ്ങളും ഉപകരണങ്ങളും നിർമ്മിക്കുന്നതിന് റീജിയണൽ ടെസ്റ്റ് ലാബോറട്ടറി, സർവ്വകലാശാലകൾ, മറ്റു ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രാരംഭ ചെലവുകൾക്കായി 10 കോടി രൂപ.

● ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി യിൽ (IAV) വാക്സിൻ ഗവേഷണം, വാക്സിൻ നിർമാണം 10 കോടി രൂപ.

● കാർഷിക മേഖലയ്ക്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള കേരള ബാങ്ക് മുഖേന പശ്ചാത്തല സൗകര്യ പുനർ വായ്പ ലഭ്യമാക്കും 2000 കോടി രൂപ.

● കാർഷികവ്യാവസായികസേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ 1600 കോടി രൂപ.

● എം.എസ്.എം.ഇ.കൾക്ക് കുറഞ്ഞ നിരക്കിൽ അധിക പ്രവർത്തന മൂലധന വായ്പയും ടേം ലോണും 2000 കോടി രൂപ പലിശ ഇളവ് നൽകുന്നതിന് 50 കോടി രൂപ.

● കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് വഴി കുറ ഞ്ഞ നിരക്കിലുള്ള വായ്പ 1000 കോടി രൂപ.

● നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീം 1000 കോടി രൂപ വായ്പ പലിശ ഇളവ് നൽകുന്നതിന് 25 കോടി രൂപ.

● 2021-22 സാമ്പത്തിക വർഷത്തിൽ 10,000 ഇലക്ട്രിക് ഇരുചക്രവാഹനങ്ങളും 5000 ഇലക്ട്രിക് ഓട്ടോറിക്ഷകളും വാങ്ങാനായി ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ 200 കോടി രൂപ. ഇതിനായുള്ള പലിശ ഇളവ് നൽകുന്നതിന് 15 കോടി രൂപ.

● കെ.എഫ്.സി വഴി കോവിഡിന്റെ രണ്ടാം തരംഗത്തിൽ ടൂറിസം മേഖലയും ചെറുകിട വ്യവസായ മേഖലയും 20 ശതമാനം അധിക വായ്പ 500 കോടി രൂപ.

● ചെറുകിടഇടത്തരം സംരംഭങ്ങളുടേയും സ്റ്റാർട്ടപ്പുകളടേയും അതിവേഗ വളർച്ചയെ സഹായിക്കുന്നതിന് 100 കോടി രൂപ കോർപ്പസ് ഉള്ള ഒരു വെൻചർ കാപ്പിറ്റൽ ഫണ്ട്

● പട്ടിക ജാതി/പട്ടിക വർഗ്ഗ സംരംഭകർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ 10 കോടി രൂപ.

● മലബാർ ലിറ്ററി സർക്യൂട്ട്, തുഞ്ചത്ത് എഴുത്തച്ചൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി. വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയതുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ള ടൂറിസം സർക്യൂട്ട്. ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം സർക്യൂട്ട്. ഈ സർക്ക്യൂട്ടുകൾക്കായി 50 കോടി രൂപ.

● ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റേയും സിയാലിന്റേയും സഹകരണത്തോടെ പൈലറ്റ് അടിസ്ഥാനത്തിൽ ഹൈഡ്രജൻ ഇന്ധനമായി 10 പുതിയ ബസുകൾ 10 കോടി രൂപ.

● കോവിഡ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധി കാരണം അടച്ചു പൂട്ടലിന്റെ വക്കിലായ വിനോദ സഞ്ചാര മേഖലയ്ക്ക് ഒരു പുനരുജ്ജീവന പാക്കേജ് പാക്കേജിനുള്ള സർക്കാർ വിഹിതമായി 30 കോടി രൂപ.

● ടൂറിസം മേഖലയിൽ കൂടുതൽ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി കെ.എഫ്.സി വഴി 400 കോടി രൂപയുടെ വായ്പ.

● കേരള നോളെജ് സൊസൈറ്റി കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായുള്ള നൈപുണ്യ നവീകരണ പ്രോത്സാഹനം, സാങ്കേതിക പരിവർത്തനം, ഉന്നത വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി 'നോളജ് ഇക്കണോമി ഫണ്ട്' എന്ന നിലയിൽ വകയിരിത്തിയിരിക്കുന്ന തുക 200 കോടി രൂപയിൽ നിന്ന് 300 കോടിയായി ഉയർത്തി.

● ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലക്ക് അടിസ്ഥാന സൗകര്യം. 10 കോടി രൂപ.

● അതിദാരിദ്ര്യ ലഘൂകരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ.

● പാൽ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഫാക്ടറി 10 കോടി രൂപ.

● കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സേവന ശൃംഖല പൈലറ്റ് പദ്ധതി 10 കോടി രൂപ.

● ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ വിതരണം,

മണ്ണിന്റെ സ്വഭാവത്തിന് അനുസൃതമായ കൃഷി, കൃഷി പരിപാലനം, വിളവെടുപ്പ്, വെയർ ഹൗസുകളുടെ ഉപയോഗം, കോൾഡ് സ്റ്റോറേജുകളുടെ ശൃംഖല, മാർക്കറ്റിംഗ് എന്നിവ വരെയുള്ള വിവിധ ഘട്ടങ്ങളുടെ ഏകോപനം, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കർഷകർക്ക് പ്രയോജനപ്രദമാം വിധം ആധുനിക വത്കരിക്കും. പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപ.

- തീരദേശ സ്കൂളുകളുടെയും തീരദേശ മത്സ്യ വിപണികളുടെയും നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതികൾ ഉൾപ്പെടെ 11,000 കോടി രൂപയുടെ വികസന പദ്ധതികൾ തീരദേശ മേഖലയിൽ വരുന്ന നാലു വർഷംകൊണ്ട് നടപ്പിലാക്കും
- കെ.ആർ. ഗൗരിയമ്മയ്ക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് 2 കോടി രൂപ, ആർ. ബാലകൃഷ്ണ പിള്ളയ്ക്ക് കൊട്ടാരക്കരയിൽ സ്മാരകം നിർമ്മിക്കുന്നതിന് 2 കോടി രൂപ, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 'മാർ ക്രിസോസ്റ്റം ചെയർ' സ്ഥാപിക്കാൻ 50 ലക്ഷം രൂപ.
- സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ നികുതി വർദ്ധനവ് അനിവാര്യമെങ്കിലും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഇല്ല.



# രണ്ടാം തരംഗത്തിന്റെ ആഘാതത്തിൽനിന്ന് ജനങ്ങളെ കരകയറ്റും: ധനമന്ത്രി കെ.എൻ. ബാലഗോപാൽ



പ്രതിസന്ധിയുടെ രൂക്ഷസാഹചര്യത്തിലും ജനങ്ങളെ ചേർത്തുനിർത്തി രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ ബജറ്റ്. ആരോഗ്യമേഖലയിലും തീരപ്രദേശത്തും കൂടുതൽ ശ്രദ്ധപുലർത്തി പുതിയ നികുതി നിർദേശമില്ലാതെയാണ് ജനങ്ങളോടുള്ള പ്രതിബദ്ധത സർക്കാർ വ്യക്തമാക്കിയത്. ദുരന്തങ്ങൾക്ക് മുന്നിലേക്ക് നാടിനെ എറിഞ്ഞുകൊടുക്കില്ലെന്ന ഉറപ്പാണ് ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ കന്നി ബജറ്റ്. കോവിഡിനെ നേരിടാൻ 20,000 കോടി രൂപയുടെ പുതിയ പാക്കേജ്; പ്രതിസന്ധിയിലായവരെ നേരിട്ട് സഹായിക്കാൻ 8900 കോടി രൂപ. വായ്പ, സബ്സിഡി ഇനങ്ങളിൽ 8300 കോടി. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2800 കോടി രൂപയുടെ പദ്ധതി. രണ്ടാം തരംഗത്തിന്റെ ആഘാതത്തിൽനിന്ന് ജനങ്ങളെ കരകയറ്റും. മൂന്നാം തരംഗത്തെ നേരിടാൻ സംസ്ഥാനത്തെ പൂർണസജ്ജമാക്കും. മുൻ ധനമന്ത്രി തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിലെ പദ്ധതികൾ പൂർണമായും നടപ്പാക്കും. പുതിയ സാഹചര്യത്തിലുള്ള കൂട്ടിച്ചേർക്കൽ മാത്രമാണ് പുതുക്കിയ ബജറ്റെന്ന് കെ.എൻ. ബാലഗോപാൽ പറഞ്ഞു.

കോവിഡിനൊപ്പമുള്ള ജീവിതം മുന്നിൽക്കണ്ട് ജനങ്ങളിലേക്ക് സർക്കാരെത്തുന്നതാണ് രണ്ടാം പാക്കേജും. ഒന്നാം പാക്കേജ് 20,000 കോടിയുടേതായിരുന്നെങ്കിലും കൂടുതൽ ചെലവഴിച്ചു. 18 വയസിനു മുകളിലുള്ള എല്ലാവർക്കും സൗജന്യ വാക്സിൻ വേഗം പ്രായോഗികമാക്കും. വാക്സിൻ വാങ്ങാൻ 1000 കോടി, അനുബന്ധ ഉപകരണങ്ങൾക്ക് 500 കോടി. ജീവവായുപോലും കിട്ടാതെ ഇന്ത്യയുടെ പലഭാഗത്തും ജനങ്ങൾ മരിച്ചുവീഴുമ്പോൾ കേരളം വേറിട്ടുനിൽക്കുന്നതും ഈ കരുതലിലൂടെ. കേരളം രോഗവ്യാപന ഭീഷണിയില്ലാത്ത നാടായാൽ വിനോദസഞ്ചാരമേഖലയിൽ നേട്ടമാകും.

അധിക ഭാരമേൽപ്പിക്കാതെ സാമ്പത്തികരംഗത്തെ കൈപിടിച്ചുയർത്തലാണ് സർക്കാരിന്റെ സമീപനം. വ്യാവസായിക, കാർഷിക മേഖലയിലെ നവപദ്ധതികൾ തൊഴിൽമേഖലയിൽ വലിയ ഉണർവുണ്ടാക്കും. ചെറുകിട വ്യവസായമേഖലയെ കൈയയച്ച് സഹായിക്കുകയാണ്. പ്രതിസന്ധിഘട്ടത്തിൽ ജനത്തോടൊപ്പംനിന്ന് മറികടക്കലാണ് പ്രധാനം. അതിന് കടമെടുക്കേണ്ടിവരും, തിരിച്ചടവിനുള്ള പണം കണ്ടെത്തുകയും ചെയ്യും. വരുമാനവർധനയ്ക്കും ചെലവ് ചുരുക്കാനുമുള്ള ശക്തമായ നടപടികൾ രോഗസാഹചര്യം മാറിയാലുണ്ടാകുമെന്ന് മന്ത്രി വ്യക്തമാക്കി.

കടലാക്രമണമടക്കം തീരപ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആധുനിക സംവിധാനങ്ങളൊരുക്കാൻ 11,000 കോടി. കുടുംബശ്രീയെ ശക്തമാക്കും, 10,000 പുതിയ അയൽക്കൂട്ടം. ഓൺലൈൻ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതോടെ 'ഡിജിറ്റൽ ഡിവൈഡ്' ഇല്ലാതാക്കും.

# ക്ഷേമവും വികസനവും ഉറപ്പുവരുത്തുന്ന ബജറ്റ്: മുഖ്യമന്ത്രി

സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കുള്ളിൽ നിന്ന് സമഗ്രമായ ജനകീയ വികസന മാതൃക മുന്നോട്ടുകൊണ്ടുപോവുകയാണ് ലക്ഷ്യമെന്നും ആ യാത്രയിലെ ഉറച്ച ചുവടുവയ്പാണ് പുതുക്കിയ ബജറ്റെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ വികസന നയങ്ങളുടെ തുടർച്ചയാണ് പുതിയ ബജറ്റ്. എൽ.ഡി.എഫ് സർക്കാർ നടപ്പാക്കിയ വികസനസാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങൾ അംഗീകരിക്കുകയും തുടരണമെന്ന് ആഗ്രഹിക്കുകയും ചെയ്തതിന്റെ ഫലമാണ് തെരഞ്ഞെടുപ്പിൽ നേടിയ മികച്ച വിജയം. ആ ജനവിധി ഉൾക്കൊണ്ട്, സാമൂഹ്യ പുരോഗതിയുടെ ജനകീയ മാതൃകയെ കൂടുതൽ കരുത്തോടെ പുതിയ ബജറ്റിൽ അവതരിപ്പിച്ചിട്ടുണ്ട്.



20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജാണ് പ്രഖ്യാപിച്ചത്. അതിൽ 50 ശതമാനത്തോളം ജനങ്ങളുടെ കൈയിൽ നേരിട്ട് പണമെത്തിക്കും. ബാക്കി തുക സാമ്പത്തിക പുനരുജ്ജീവന നടപടികൾക്കും ആരോഗ്യമേഖലയെ ശാക്തീകരിക്കാനുമാണ്. തീവ്രദാരിദ്ര്യം തുടച്ചുനീക്കുക, സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പാക്കുക, സർക്കാർ സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുക തുടങ്ങി പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള നിർദേശങ്ങൾ ബജറ്റിലുണ്ട്. ജനക്ഷേമത്തിൽ വിട്ടുവീഴ്ചകളില്ലാതെ, വികസനം ഉറപ്പുവരുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# കവിതയില്ല: കഥയും കാതലുള്ള ബജറ്റ് പ്രസംഗം

**അനൂപ് ദേവസ്യ**

കവിതയില്ല, കഥ പറച്ചിലുമില്ല, കെട്ടകാലത്തെ വരുതിയിലാക്കാനുള്ള സൂക്ഷമാന്വേഷണങ്ങളിലും അതിജീവന തന്ത്രങ്ങളിലും ഊന്നിയുള്ള കാര്യമാത്ര പ്രസ്കതമായ ബജറ്റ് പ്രസംഗമായിരുന്നു കെ.എൻ. ബാലഗോപാലെന്ന പുതിയ ധനമന്ത്രിയുടേത്. പ്രതിസന്ധികളെ നേരിട്ട് കൂടുതൽ ശക്തമായി മുന്നേറാനുള്ള മനുഷ്യസമൂഹത്തിന്റെ ശേഷിയും അതിന്റെ ഭാഗമായി നൂറ്റാണ്ടുകളായി മനുഷ്യസമൂഹം ആർജിച്ച അതിജീവന മാതൃകകളും മഹാമാരിയുടെ ഈ ദുരിതകാലത്തെ മറികടക്കാൻ നാടിനെ സഹായിക്കുമെന്ന ഉത്തമ ബോധ്യമാണ് ധന മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിന്റെ കാതൽ.

തന്റെ മുൻഗാമി ഡോ. ടി.എം. തോമസ് ഐസക് 2021-22 ലേക്ക് അവതരിപ്പിച്ച ബജറ്റ് നിർദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാ ബദ്ധമാണെന്നും കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ നേരത്തെ ബജറ്റ് തയ്യാറാക്കുമ്പോൾ മുൻ കൂട്ടി കാണാൻ കഴിയാതെ പോയ ആരോഗ്യ സാമൂഹികസാമ്പത്തിക വെല്ലുവിളികളെ നേരിടാനാണ് പുതിയ ബജറ്റ് അവതരിപ്പിക്കുന്നതെന്നും വ്യക്തമാക്കിയാണ് ധനമന്ത്രി തന്റെ ബജറ്റ് പ്രസംഗത്തിന് തുടക്കമിട്ടത്.

ആരോഗ്യ രക്ഷക്കുള്ള തന്ത്രംതന്നെയാണ് പുതിയ ബജറ്റിലെ വികസന തന്ത്രമെന്നും അദ്ദേഹം അടിവരയിട്ടു പറഞ്ഞു. കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹിക, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടിയുടെ രണ്ടാം കോവിഡ് പാക്കേജിന്റെ പ്രഖ്യാപനം നിയമസഭാംഗങ്ങൾ കയ്യടിയോടെയാണ് സ്വീകരിച്ചത്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനായി 2,800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് 8,900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡ് എന്നിവക്കായ 1



8,300 കോടി രൂപയും ലഭ്യമാക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ഏഴുഭാഗങ്ങളായാണ് ആമുഖം മുതൽ ഉപസംഹാരം വരെയുള്ളവ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയത്. ഒന്നാം ഭാഗം ആമുഖവും, തിരഞ്ഞെടുപ്പ് ജനവിധിയെപ്പറ്റിയുള്ള നിരീക്ഷണവും ഉൾക്കൊള്ളുന്നതാണ്. ഭാഗം രണ്ടിൽ ആരോഗ്യ അടിയന്തരാവസ്ഥയെ സംബന്ധിച്ചും സൗജന്യ വാക്സിനെ സംബന്ധിച്ചുമുള്ള വിശദീകരണങ്ങളായിരുന്നു. ഭാഗം മൂന്നിൽ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിയെപ്പറ്റി വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

തീരദേശ സംരക്ഷണം, തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് നാലാം ഭാഗത്ത് തീരദേശത്തെ ദുരിതാവസ്ഥ, തീരദേശ സംരക്ഷണം, തീരദേശ പാതയോരത്തുള്ള വഴിയോര സൗകര്യകേന്ദ്രങ്ങൾ എന്നീ തലക്കെട്ടുകളിൽ വിശദമാക്കിയത്. ഏറ്റവും വലുതും വിപുലവുമായ അഞ്ചാം ഭാഗത്ത് വികസന ക്ഷേമ മേഖലകളെപ്പറ്റിയാണ് പരാമർശം. കൃഷിയും അനുബന്ധ മേഖലുകളും, തോട്ടം മേഖല, പരിസ്ഥിതി, മത്സ്യ ബന്ധന മേഖല, ഭക്ഷ്യ പൊതുവിതരണ മേഖല, തദ്ദേശ സ്വയംഭരണം, പ്രാദേശിക സർക്കാരുകൾക്കുള്ള ഹെൽത്ത് ഗ്രാന്റ്, കുടംബശ്രീ, തൊഴിലുറപ്പ് പദ്ധതികൾ, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, നോളജ് ഇക്കോണമി മിഷൻ, ആയുഷ്, വിനോദ സഞ്ചാരം, വ്യവസായം, പട്ടികജാതി പട്ടിക വർഗ വികസനം, നോർക്ക, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ, ഗതാഗതം, പുനരുപയോഗ ഊർജ്ജം, റവന്യൂ, സാമൂഹ്യനീതി, സാംസ്കാരികം, ഭരണ നിർവ്വഹണം, വെൻചർ ക്യാപിറ്റൽ ഫണ്ട് എന്നീ മേഖലകളിൽ സർക്കാർ എങ്ങനെ ഇടപെടാൻ ശ്രമിക്കുന്നുവെന്ന് ഈ ഭാഗം വിശദമാക്കുന്നു. ആറാം ഭാഗത്ത് സർക്കാരിന്റെ നികുതി നയം വിശദീകരിക്കുന്ന ബജറ്റ് പ്രസംഗം ഏഴാം ഭാഗത്ത് ഉപസംഹരിച്ചിരിക്കുന്നു.

നോട്ട് നിരോധനം വേണ്ടത്ര തയാറെടുപ്പില്ലാതെയുള്ള ജി.എസ്.ടി. നടപ്പാക്കൽ, ഓഖി, പ്രളയങ്ങൾ കോവിഡിന്റെ ഒന്നും രണ്ടും തരംഗങ്ങൾ സാമ്പത്തികമാന്ദ്യം എന്നിവ നികുതി നികുതിയേതര വരുമാനത്തെ ഏറ്റവും പ്രതികൂലമായി ബാധിച്ചുകൊണ്ടിക്കുന്ന കാലത്താണ് ഈ ബജറ്റിന്റെ അവതരണമെങ്കിലും ചെലവു ചുരുക്കി മാറി നിൽക്കാനല്ല മറിച്ച് പ്രതിസന്ധിയുടെ ഈ ഘട്ടത്തിൽ കടമെടുത്തും മുൻനിരയിൽനിന്ന് നാടിനെ രക്ഷിക്കുക എന്ന ഇടതുപക്ഷ നയമാണ് ഒന്നാം പിണറായി സർക്കാരിനെപ്പോലെതന്നെ പുതിയ സർക്കാരിന്റെയും നയമെന്ന് അടിവരയിടുന്നതായിരുന്നു ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ ബജറ്റ് പ്രസംഗം.

ധനമന്ത്രിയായി 15-ാം ദിവസമാണ് കെ.എൻ. ബാലഗോപാൽ ബജറ്റ് അവതരിപ്പിച്ചത്. തന്റെ കന്നി ബജറ്റ് അവതരണത്തിന് അദ്ദേഹമെടുത്തത് ഒരു മണിക്കൂറും 54 സെക്കൻഡും. സമീപകാലത്തെ ഏറ്റവും കുറഞ്ഞ സമയമാണ് ഇത്.

ജനുവരിയിൽ മുൻധനമന്ത്രി ടി.എം. തോമസ് ഐസക് അവതരിപ്പിച്ച 3.15 മണിക്കൂർ നീണ്ട ബജറ്റാണ് ഏറ്റവും കൂടിയസമയം. ബജറ്റിന്റെ ആദ്യവും അവസാനവുംമാത്രം വായിച്ച് ആറു മിനിറ്റിൽ ബജറ്റവതരണം അവസാനിപ്പിച്ച ചരിത്രവും കേരള നിയമസഭയ്ക്കുണ്ട്.

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ തുടർച്ചയായി പുതുക്കിയ ബജറ്റ് അവതരിപ്പിച്ചതിനാലാണ് കുറഞ്ഞ സമയമെടുത്തത്. രാവിലെ 8.50ന് സഭയിലെത്തിയ കെ.എൻ. ബാലഗോപാൽ മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എം.എൽ.എ.മാർ എന്നിവരുമായി കുശലാന്വേഷണം നടത്തി. ഒമ്പതിന് സ്പീക്കർ എം.ബി. രാജേഷ് ബജറ്റ് അവതരിപ്പിക്കാൻ ക്ഷണിച്ചു.

10 മണി 54 സെക്കൻഡായപ്പോൾ കേരള സമ്പദ്ഘടനക്കും കേരളീയ സമൂഹത്തിനും പുതിയ ഉണർവും ഉന്മേഷവും നൽകി അദ്ദേഹത്തിന്റെ ബജറ്റ് അവതരണം അവസാനിച്ചു.

# ആത്മവിശ്വാസം പകരുന്ന ബജറ്റ്


**ഡോ.ടി.എം.തോമസ് ഐസക്**
**മുൻ ധനമന്ത്രി**

**കോ**വിഡ് രണ്ടാംഘട്ട വ്യാപനത്തെ ആദ്യഘട്ടത്തിലെന്നപോലെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും കോവിഡ് കാലഘട്ടത്തിലും സംസ്ഥാന വികസനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനും ആത്മവിശ്വാസം നൽകുന്നതാണ് നിയമസഭയിൽ അവതരിപ്പിച്ച പുതുക്കിയ ബജറ്റ്.

ഇത്തരത്തിൽ ഒരു പുതുക്കൽ അനിവാര്യമാക്കിയ രണ്ടു സംഭവവികാസങ്ങൾ കഴിഞ്ഞ നാലു മാസത്തിനിടയിൽ ഉണ്ടായി. ആദ്യത്തേത് കോവിഡ് പകർച്ചവ്യാധി മൂർച്ഛിച്ചതാണ്. ഇതിന്റെ ഫലമായി സംസ്ഥാന തനതു നികുതി വരുമാനത്തിൽ 1287 കോടി രൂപയെങ്കിലും കുറവുണ്ടാകും. നികുതിയേതര വരുമാനത്തിൽ 500 കോടി രൂപയും അങ്ങനെ 1787 കോടി രൂപയുടെ കുറവ് നേരത്തെ അവതരിപ്പിച്ച ബജറ്റ് കണക്കിൽ നിന്ന് ഉണ്ടാകും.

രണ്ടാമത്തെ സംഭവവികാസം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകളാണ്. ജനുവരിയിൽ ബജറ്റ് തയ്യാറാക്കുന്നവേളയിൽ ഇതുസംബന്ധിച്ചു വ്യക്തതയുണ്ടായിരുന്നില്ല. ഇപ്പോൾ കേന്ദ്ര ബജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്തിനു 19,891 കോടി രൂപ സംസ്ഥാനത്തിനു ലഭിക്കും. ഇതു ഞാൻ തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ വ്യക്തമാക്കിയതാണ്. ഈ തുക എവിടെയെന്നുള്ളതാണ് പ്രതിപക്ഷ നേതാവ് ഉന്നയിക്കുന്ന ഒരു ചോദ്യം. നിയമസഭാ അംഗങ്ങൾക്കു വിതരണം ചെയ്തിട്ടുള്ള റിവൈസ്ഡ് ബജറ്റ് ഒറ്റനോട്ടത്തിൽ എന്ന രേഖയുടെ രണ്ടാം പേജിൽ കൃത്യമായി നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം 15323 കോടി രൂപയാണ് ഈയിനത്തിൽ കിട്ടിയത്. സാധാരണഗതിയിൽ രണ്ടും മൂന്നും നാലും വർഷങ്ങളിൽ ഇങ്ങനെയുള്ള ഗ്രാന്റ് കുറഞ്ഞ് നാലാം വർഷമോ അഞ്ചാം വർഷമോ ആകുമ്പോൾ ഇല്ലാതാകുകയാണു പതിവ്. അതുകൊണ്ട് ജനുവരി മാസം അവതരിപ്പിച്ച ബജറ്റിൽ പതിനായിരത്തിൽപ്പരം കോടി രൂപയേ വകയിരുത്തിയുള്ളൂ.

ഈ സ്ഥിതിക്ക് പുതുക്കിയ ബജറ്റിൽ ഈയിനത്തിൽ 8398 കോടി രൂപ സംസ്ഥാനത്തിന് അധികമായി ലഭിക്കുക. പക്ഷെ, സംസ്ഥാനത്തിന്റെ കേന്ദ്രത്തിൽ നിന്നുള്ള ധനസഹായം ഇത്രയും തുകയ്ക്കു വർദ്ധിക്കില്ല. കാരണം കേന്ദ്ര നികുതി വിഹിതത്തിൽ ഏതാണ്ട് 4,000 കോടി രൂപ കുറവ് ജനുവരിയിലെ ബജറ്റിൽ വകയിരുത്തിയതിനേക്കാൾ ലഭിക്കൂവെന്ന് ഇപ്പോൾ വ്യക്തമായിട്ടുണ്ട്. അതുകൊണ്ടാണ് ബജറ്റ് ഒറ്റനോട്ടത്തിൽ എന്ന രേഖയിൽ ഒന്നാം പേജിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സഹായം ജനുവരി ബജറ്റിനെ അപേക്ഷിച്ച് 4,392 കോടി രൂപ മാത്രം



വർദ്ധിപ്പിച്ചു കണക്കു വച്ചിരിക്കുന്നത്. അല്ലാതെ പ്രതിപക്ഷ ആക്ഷേപിക്കുന്നതുപോലെ കണക്കിലെ തിരിമറിയൊന്നുമല്ല.

സംസ്ഥാനത്തിന്റെ മൊത്തം വരുമാനം എടുക്കുകയാണെങ്കിൽ 2,606 കോടി രൂപയുടെ വർദ്ധനയാണ് പുതുക്കിയ ബജറ്റിൽ ഉണ്ടായിട്ടുള്ളത്. കാരണം സംസ്ഥാനത്തിന്റെ തനതു നികുതിനികുതിയേതര വരുമാനത്തിൽ കോവിഡുമൂലം 1,787 കോടി രൂപയുടെ കുറവ് ഉണ്ടാകും. ബജറ്റ് കണക്കുകൾ വിശദയമായി പരിശോധിക്കാതെ ആക്ഷേപങ്ങൾ ഉന്നയിക്കുന്നതു ശരിയല്ലായെന്നു പ്രതിപക്ഷ നേതാവിനെ ഓർമ്മിപ്പിക്കുകയാണ്.

ബജറ്റിലെ ഏറ്റവും ശ്രദ്ധേയമായ പ്രഖ്യാപനം 20,000 കോടി രൂപയുടെ കോവിഡ് പാക്കേജാണ്. എന്നാൽ ബജറ്റ് രേഖ പ്രകാരം അധികച്ചെലവ് 1,715 കോടി രൂപ മാത്രമാണ് എന്നാണ് പ്രതിപക്ഷ നേതാവിന്റെ വിമർശനം. ഇത് ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ അധികച്ചെലവ്. ഇതിനു പുറമേ ബജറ്റ് കണക്കിനുള്ളിൽ 2,605 കോടി രൂപയുടെ വർദ്ധനവുണ്ട്. ഇവ രണ്ടും കൂട്ടിയാലും 20,000 കോടി രൂപ വരില്ല. കാരണം ഈ പാക്കേജിൽ 8,300 കോടി രൂപ സർക്കാരിന്റെ പലിശ സബ്സിഡിയോടുകൂടിയ കേരള ബാങ്ക്, കെ.എഫ്.സി, കുടുംബശ്രീ തുടങ്ങിയ ഏജൻസികളെ ഉപയോഗപ്പെടുത്തി ചെറുകിട മേഖലയിലേയ്ക്ക് നൽകുന്ന വായ്പകളാണ്. ഇങ്ങനെ സർക്കാരിന്റെ ചെറുസഹായത്തോടെ ധനകാര്യ മേഖലയിൽ നിന്നും വലിയ തോതിൽ പണം സംസ്ഥാന സമ്പദ്ഘടനയ്ക്കു വേണ്ടി ലിവറേജ് ചെയ്യണമെന്നുള്ളതു തന്നെയാണ് ഞങ്ങളുടെ കാഴ്ച്ചപ്പാട്.

പാക്കേജിൽ 2800 കോടി രൂപ ആരോഗ്യ അടിയന്തിരാവസ്ഥയുടെ പശ്ചാത്തലത്തിൽ ആരോഗ്യ മേഖലയ്ക്കുള്ളതാണ്. ഇതിൽ 1000 കോടി രൂപ വാക്സിനും 500 കോടി രൂപ മറ്റ് അനുബന്ധ ചെലവുകൾക്കുമാണ്. എംഎൽഎ അസറ്റ് ഫണ്ടിൽ നിന്നുള്ള വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങൾക്കു ലഭിക്കുന്ന 500 കോടി രൂപയുടെ ആരോഗ്യ വിഹിതവുമെല്ലാം ഇതിൽ ഉൾപ്പെടും.

ഭക്ഷ്യക്കിറ്റുകൾ, ക്ഷേമനിധി അംഗങ്ങൾക്കുള്ള ധനസഹായം, അടുത്ത മൂന്നു മാസക്കാലത്തെ പെൻഷൻ വിതരണം തുടങ്ങി ഇനങ്ങളിലായി 8900 കോടി രൂപ ജനങ്ങളുടെ കൈയ്യിൽ എത്തിക്കും. ഇതല്ലെങ്കിൽ തന്നെ കൊടുക്കേണ്ടതല്ലേയെന്നുള്ളതാണ് പ്രതിപക്ഷ നേതാവിന്റെ മറ്റൊരു വാദം. അക്കാര്യത്തിൽ തർക്കമില്ല. പക്ഷെ, അവയെല്ലാം ഈ ലോക്ഡൗൺ കാലത്തുതന്നെ കൊടുക്കുന്നുവെന്നതാണ് അടിവരയിടേണ്ടത്. ഒരു സംസ്ഥാന സർക്കാരിനു കേന്ദ്ര സർക്കാരിനെപ്പോലെ ഭീമമായ തുക ഡയറക്റ്റ് ട്രാൻസ്ഫർ ചെയ്യാനുള്ള സാമ്പത്തിക സ്ഥിതി ഉണ്ടാവില്ല. ചെയ്യാവുന്ന മിനിമം കാര്യം അർഹതപ്പെട്ടതെങ്കിലും കുടിശിക തീർത്ത്, കഴിയുമെങ്കിൽ മുൻകൂറായി പണം പ്രതിസന്ധി കാലത്ത് ജനങ്ങളിൽ എത്തിക്കുക എന്നുള്ളതാണ്. ഒരു വരുമാനവും ഇല്ലാതെ നട്ടം തിരിയുന്ന കാലത്ത് ഇതുവലിയ സമാശ്വാസമാകും.



കോവിഡിനെ പ്രതിരോധിക്കുന്നതിനോടൊപ്പം സംസ്ഥാനത്തെ വികസന കുതിപ്പിന് പുതുക്കിയ ബജറ്റ് കളമൊരുക്കും. ഇതിൽ ഏറ്റവും പ്രധാനം നോളജ് മിഷന്റെ പ്രഖ്യാപനമാണ്. അഞ്ചുവർഷംകൊണ്ട് വീട്ടിനകത്തോ വീടിനടുത്തോ ആഗോള തൊഴിൽ ദാതാക്കളിൽ നിന്ന് 20 ലക്ഷം പേർക്ക് ഡിജിറ്റൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ബൃഹത് പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതു സംബന്ധിച്ച മൂർത്തമായ പ്രഖ്യാപനമാണ്. കെഡിസ്ക്, ഇതിനകം ഫ്രീലാൻസർ ഡോട്ട് കോം, മോൺസ്റ്റർ തുടങ്ങിയ ആഗോളതല ഭീമൻ തൊഴിൽ ഏജൻസികളുമായി ഇതു സംബന്ധിച്ച് സഹകരണ ധാരണയിൽ എത്തിക്കഴിഞ്ഞുവെന്നാണ് ബജറ്റ് പ്രസംഗം വ്യക്തമാക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുകയാണെങ്കിൽ അടുത്ത അഞ്ചുവർഷംകൊണ്ട് ഡിജിറ്റൽ ജോലികൾ കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ തുറകളായി മാറും. ഇതു സമ്പദ്ഘടനയുടെ സമൂലമായ മാറ്റത്തിനു വഴിയൊരുക്കും.

തീരദേശ സംരക്ഷണം, പ്ലാന്റേഷൻ മേഖലാ വികസനം, ടൂറിസം എന്നീ മേഖലകളിൽ ശ്രദ്ധേയമായ നൂതന ഇടപെടലുകൾ ബജറ്റിലുണ്ട്. ഇതോടൊപ്പം ആധുനിക നൂതനവിദ്യകളെഉൽപ്പാദനത്തിന്റെ സമസ്ത മേഖലകളിലും സന്നിവേശിപ്പിക്കാനുള്ള നടപടികളും സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കുള്ള പ്രോത്സാഹനവും വ്യവസായ മേഖലയിലേയ്ക്കുള്ള പുറം നിക്ഷേപത്തിനുള്ള നടപടികളും ചേരുമ്പോൾ കേരളത്തിന്റെ വികസന കുതിപ്പിനു വലിയൊരു വഴിയൊരുക്കും.



# ചെറുകിട വ്യവസായമേഖലക്ക് സർക്കാരിന്റെ കൈത്താങ്ങ്

**പി. രാജീവ്**
**വ്യവസായ-നിയമ-കയർ മന്ത്രി**

**ലോ**ക്ഡൗണിന്റേയും നിയന്ത്രണങ്ങളുടേയും ഭാഗമായി ചെറുകിട സൂക്ഷ്മ ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് വൻ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന സംരംഭങ്ങളെ സഹായിക്കുന്നതിനും സാധാരണ നിലയിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനുമുള്ള സഹായ പദ്ധതിയാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

സംസ്ഥാനത്തിന്റെ ചെറുകിട വ്യവസായമേഖലയിൽ കോവിഡ് രണ്ടാം തരംഗം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിനും നഷ്ടം നികത്തുന്നതിനുമായി 1416 കോടിരൂപയുടെ കോവിഡ് സഹായ പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്.

കോവിഡ് സമാശ്വാസപദ്ധതി 2021 ജൂലൈ ഒന്നു മുതൽ ഡിസംബർ വരെയാണ് പ്രാബല്യത്തിൽ ഉണ്ടാവുക. ഇളവുകൾക്കും ഉത്തേജക പദ്ധതികൾക്കുമായി 1416 കോടി രൂപയുടെ വായ്പ വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യും. ബജറ്റ് വിഹിതത്തിൽ നിന്ന് 139 കോടി രൂപ പലിശ സബ്സിഡിക്കും ധനസഹായത്തിനുമായി ഉപയോഗിക്കും.

താഴെ പറയുന്ന പദ്ധതികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

1. 'വ്യവസായ ഭദ്രത' സ്കീമിൽ പ്രഖ്യാപിച്ച പലിശ ധനസഹായത്തിന്റെ കാലാവധി 2020 ഡിസംബർ 31 എന്നതിൽ നിന്നും 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു. എല്ലാ ചെറുകിട സൂക്ഷ്മഇടത്തരം വ്യവസായ സംരംഭങ്ങൾക്കും ഒരു വർഷത്തേക്ക് 50 ശതമാനം പലിശ ധനസഹായം നൽകും. ഇത്തരത്തിൽ ഒരു യൂണിറ്റിന് 1,20,000 രൂപ വരെ ലഭിക്കും. ആകെ 400 കോടി രൂപയുടെ ഈ പാക്കേജിൽ 5000 സംരംഭകർക്ക് സഹായം ലഭ്യമാക്കും.

2. സംരംഭകത്വ സഹായ പദ്ധതി പ്രകാരമുള്ള ധനസഹായം വർധിപ്പിക്കും. അർഹരായ യൂണിറ്റുകൾക്കുള്ള സബ്സിഡി 20 ലക്ഷം എന്നുള്ളത് 30 ലക്ഷം ആക്കി ഉയർത്തി. വ്യവസായിക പിന്നോക്ക ജില്ലകളിലും മുൻഗണനാ വ്യവസായ സംരംഭങ്ങൾക്കും നൽകുന്ന സബ്സിഡി 30 ലക്ഷം എന്നുള്ളത് 40 ലക്ഷം ആയും ഉയർത്തി. 3000 യൂണിറ്റുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

വിവിധ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നായി 445 കോടി രൂപയാണ് ഇതിനായി ഉപയോഗിക്കുന്നത്. വനിത യുവ പട്ടികജാതി പട്ടികവർഗ്ഗ എൻ.ആർ.കെ സംരംഭകർക്കും 25 ശതമാനം വരെ സഹായം ഈ പദ്ധതിയിലൂടെ ലഭിക്കും.

മുൻഗണനാ വ്യവസായ സംരംഭങ്ങളായ റബ്ബർ, കൃഷി, ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, പാരമ്പര്യേതര ഊർജ്ജ ഉല്പാദനം, ഉപകരണ നിർമ്മാണം, ബയോ ടെക്നോളജി വ്യവസായം, പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പുനരുപയോഗ യൂണിറ്റുകൾ , ജൈവ കീടനാശിനി നിർമ്മാണ യൂണിറ്റുകൾ എന്നിവക്ക് 45 ശതമാനം സഹായം സബ്സിഡിയായി ലഭിക്കും. സഹായത്തിന്റെ തോത് 40 ലക്ഷത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയോടെ 45 ശതമാനം വരെ

വർധിപ്പിച്ചു. വ്യവസായിക പിന്നോക്ക ജില്ലകളായ ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട എന്നിവിടങ്ങളിലെ സംരംഭകർക്കും 45 ശതമാനം സബ്സിഡിയായി നൽകും.

3. നാനോ യൂണിറ്റുകൾക്കുള്ള സഹായങ്ങളും വിപുലപ്പെടുത്തി. സേവന രംഗത്ത് പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ആകെ 60 കോടി രൂപയുടെ ധനസഹായമാണ് മേഖലയിൽ നൽകുന്നത്. 600 യൂണിറ്റുകൾക്ക് വരെ പ്രയോജനം ലഭ്യമാക്കും.

4. നാനോ യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി പദ്ധതികൾ അഞ്ച് ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്കാണ് നിലവിൽ പലിശ സബ്സിഡി ലഭിച്ചിരുന്നത്. എന്നാൽ ഇത് 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്കും ലഭ്യമാക്കും. സേവന രംഗത്ത് പ്രവർത്തിക്കുന്ന 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള നാനോ യൂണറ്റുകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. 30 കോടി രൂപയുടെ വായ്പ ഇതിലൂടെ നാനോ യൂണിറ്റുകൾക്ക് ലഭിക്കും.

5. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷനിൽ നിന്ന് വായ്പയെടുത്ത തുക ലോക്ഡൗൺ സാഹചര്യത്തിൽ തിരിച്ചടക്കാൻ കഴിയാത്തവർക്ക് അവരുടെ അക്കൗണ്ടിൽ ബാഡ് ഡെബ്റ്റ് രേഖപ്പെടുത്തില്ല. 179 കോടി രൂപയുടെ വായ്പ ഇപ്രകാരം ഇതിനായി പുന:ക്രമീകരിക്കും.

6. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ വായ്പകൾക്കു പ്രഖ്യാപിച്ച മൊറട്ടോറിയം 2021 ജൂൺ വരെ ദീർഘിപ്പിച്ചു. ഇതിന്റെ മൂന്നു മാസത്തെ പലിശയും ഒഴിവാക്കി. 66 ലക്ഷം രൂപയുടെ ബാധ്യത ഇതിലൂടെ ഏറ്റെടുക്കുകയാണ്.

7. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ ഉപഭോക്താക്കളുടെ ഒരു വർഷത്തേക്കുള്ള പിഴ പലിശയും ഏപ്രിൽ മുതൽ ഒരു വർഷത്തേക്ക് ഒഴിവാക്കി നൽകും.

8. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ ആദ്യ ഘട്ടമെന്ന നിലയിൽ ചെറുകിട സൂക്ഷ്മഇടത്തരം സംരംഭകർക്കായി അഞ്ച് ശതമാനം പലിശയിൽ 100 കോടി രൂപ വായ്പയായി നൽകും. 150 സംരംഭങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

9. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ, തിരിച്ചെത്തിയ പ്രവാസികൾക്കായി അഞ്ച് ശതമാനം നിരക്കിൽ വായ്പ അനുവദിക്കുന്ന പദ്ധതികൾക്കും രൂപം നൽകും. നോർക്കയുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുക.

10. കോവിഡുമായി ബന്ധപ്പെട്ട ആരോഗ്യ സംരക്ഷണ മേഖലയിലെ വ്യവസായങ്ങൾക്കായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ പ്രത്യേക ലോൺ പാക്കേജുകളും പ്രഖ്യാപിച്ചു. 100 കോടി രൂപ വരെയാണ് ഇതിനായി മാറ്റി വച്ചിരിക്കുന്നത്. അഞ്ച് ശതമാനം പലിശയിലായിരിക്കും സംരംഭകർക്ക് ലോൺ ലഭ്യമാക്കുക.

11. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെ ഗുണഭോക്താക്കൾക്ക് 2021 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള വാടക കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ ഒഴിവാക്കി.

12. 2021ഏപ്രിൽമുതൽജൂൺവരെയുള്ള മൂന്നുമാസത്തെ കോമൺ ഫസിലിറ്റി ചാർജും ഒഴിവാക്കി.

13. ലോണുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 ഡിസംബർ 31 വരെ തുടരും.

14. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ വ്യവസായ ആവശ്യങ്ങൾക്കായി ഭൂമി നൽകും. ഇതിന്റെ ഡൗൺ പേമെന്റ് ആകെ തുകയുടെ 20 ശതമാനം നൽകിയാൽ മതി. ബാക്കി 80 ശതമാനം അഞ്ച് തുല്യഗഡുക്കളായി കൈമാറിയാൽ മതി. ഇതിന് പലിശ ഈടാക്കുന്നതല്ല.

15. കിൻഫ്രയുടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളിലെ ഗുണഭോക്താക്കൾക്ക് മൂന്നു മാസത്തെ വാടക ഒഴിവാക്കി.

16. കിൻഫ്രയുടെ ഗുണഭോക്താക്കളുടെ ഏപ്രിൽ മുതൽ ജൂൺ വരെ മൂന്നു മാസത്തെ സി.എഫ്.സി. ചാർജുകളും ഒഴിവാക്കി.

17. കിൻഫ്രയുടെ കീഴിലുള്ള വ്യവസായിക പാർക്കുകളിലെ ഭൂമി വില 2020 മാർച്ചിലെ നിരക്കിൽ നിലനിർത്തും. ഭൂമി അനുവദിച്ചവർക്ക് ആകെ തുകയുടെ 20 ശതമാനം ഡൗൺ പേമെന്റ് നൽകി ഭൂമി വാങ്ങാം. ബാക്കി തുക തുല്യ അഞ്ചു ഗഡുക്കളായി ഓരോ വർഷവും നൽകണം. ഇതിന് പലിശ ഈടാക്കുന്നതല്ല.

18. ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് കിൻഫ്രയുടെ നേതൃത്വത്തിൽ വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുവദിക്കും.

***(അവലംബം:മന്ത്രി പി.രാജീവിന്റെ ഫെയ്സ് ബുക്ക് പോസ്റ്റ്)***

രസക്കയർ...

# തൊണ്ടുകൊണ്ടൊരു ഹെൽമറ്റ്

**ലോ**കത്തെ ഏറ്റവും മികച്ച ഹെൽമെറ്റ് നാളീകേരത്തിന്റെ തൊണ്ടാണെന്ന് ശാസ്ത്രജ്ഞർ. തൊണ്ടിലെ ചകിരിയും ചകിരിച്ചോറും ചേർന്ന് ഏത് ആഘാതവും താങ്ങാൻശക്തിയുള്ള 'ഷോക്ക് അബ്സോർബർ' ആയി പ്രവർത്തിക്കുമെന്ന് കണ്ടെത്തിയത് ആംസ്റ്റർഡാമിലെ നാഷണൽ സെന്റർഫോർ അപ്ലൈഡ് റിസർച്ചിലെ ശാസ്ത്രജ്ഞരായ എം.വൈ യസ്രി (Yuhazri M.Y), എം.എം.പി ഡാൻ (Dan M.M.P.) എന്നിവർ നിർമ്മിച്ചത്.



ഒരു തരം ഫോം പ്ലാസ്റ്റിക് ഉപയോഗിച്ച് മോട്ടോർ സൈക്കിൾ സഞ്ചാരികൾക്ക് സുഖമായി ഉപയോഗിക്കുവാൻ പറ്റുന്ന തൊണ്ടുപോലുള്ള ഹെൽമറ്റാണ് ഇവർ നിർമ്മിച്ചത്. ജേർണൽ ഓഫ് അഡ്വാൻസ്ഡ് മാനുഫാക്ചറിങ് ടെക്നോളജിയിൽ ഇതിന്റെ സാങ്കേതിക വശങ്ങൾ വിശദീകരിക്കുന്ന ഇവരുടെ ലേഖനവും പ്രസിദ്ധകരിച്ചിട്ടുണ്ട്.




# കൊച്ചി – ബാംഗ്ലൂർ വ്യവസായ ഇടനാഴി യാഥാർത്ഥ്യത്തിലേക്ക്

**വ്യ**വസായ വികസന രംഗത്ത് വൻ മുന്നേറ്റം സൃഷ്ടിക്കുന്ന കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ ഈ വർഷം ഡിസംബറോടെ പൂർത്തിയാകും.

പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനാണ്. പാലക്കാട്, എറണാകുളം ജില്ലകളിലായി പദ്ധതിക്കുവേണ്ടി കണ്ടെത്തിയ 2220 ഏക്കർ ഭൂമി നടപടികൾ പൂർത്തിയാക്കി ഏറ്റെടുത്ത് പദ്ധതി നടത്തിപ്പിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷന് കൈമാറും. പാലക്കാട് കണ്ണമ്പ്രയിൽ 312 ഉം പുതുശ്ശേരി സെൻട്രലിൽ 600ഉം പുതുശ്ശേരി ഈസ്റ്റിൽ 558 ഉം ഒഴലപ്പതിയിൽ 250 ഉം ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇതിനായുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്. ഇതിലുൾപ്പെട്ട 310 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 95 ശതമാനം നടപടികളും പൂർത്തിയാക്കി.

മറ്റിടങ്ങളിൽ സ്ഥലമേറ്റെടുക്കൽ നിയമപ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും പബ്ളിക്ക് ഹിയറിങ് ആരംഭിക്കുകയും ചെയ്തു. പാലക്കാട് സ്ഥലം ഏറ്റെടുക്കുന്നതിനായി 346 കോടി രൂപ കിൻഫ്രയ്ക്ക് നേരത്തെ കൈമാറിയിരുന്നു. എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ ഇടനാഴിയുടെ ഭാഗമായുള്ള ഗിഫ്റ്റ് സിറ്റി പദ്ധതിക്ക് 500 ഏക്കർ സ്ഥലം ഏറ്റെടുക്കും. ഇതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കിൻഫ്ര 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായ സാമൂഹിക ആഘാത പഠനവും പൂർത്തിയാക്കി. പൊതുജനങ്ങളിൽ നിന്നുള്ള തെളിവെടുപ്പും പൂർത്തിയായി. പരമാവധി കെട്ടിടങ്ങൾ ഒഴിവാക്കിയാണ് സ്ഥലം ഏറ്റെടുക്കുക. പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടവരുത്താത്ത സേവനമേഖലാ വ്യവസായങ്ങളാണ് അയ്യമ്പുഴയിൽ ഉണ്ടാവുക. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് കലണ്ടർ തയ്യാറാക്കും. വ്യവസായ ഇടനാഴിയുടെ തുടർ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ദൈനംദിന വിലയിരുത്തലിനുമായി പ്രത്യേക വെബ് പോർട്ടലിന് കിൻഫ്ര രൂപം നൽകും.




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി– 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29

## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 6 | Kannur | 8281009864 | 0497-2707108 | |
| 7 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 8 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 9 | Kottayam | 8281009857 | 0481-2303279 | |
| 10 | Kozhikkode | 8281009863 | 0495-2549105 | |
| 11 | Malappuram | 8281009862 | 0483-2731806 | |
| 12 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 13 | Nangyarkulangara | 8281009853 | 0479-2412219 | |
| 14 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 15 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 16 | Parippally | 8281009848 | 0474-2576111 | |
| 17 | Pathanamthitta | 8281009873 | | |
| 18 | Sulthan Bathery | 8281009865 | 04936-265607 | |
| 19 | Sreekariyam | | 9349109251 | |
| 20 | Thirur | 8281009861 | 0494-2421441 | |
| 21 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 22 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 23 | Ahmedabad | 09028073347 | 079-22122858 | |
| 24 | Ajmeer | 08769233721 | 0145-2620607 | |
| 25 | Amaravathy | 09421739326 | 0721-2576304 | |
| 26 | Amritsar | 09958272064 | 0183-2557747 | |
| 27 | Bhavanagar | 9497757231 | 0278-2516620 | |
| 28 | Bhopal | 09303964488 | 0755-2745923 | |
| 29 | Calcutta | 09163342270 | 033-22353029 | |
| 30 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 31 | Delhi I | 09958272064 | 011-22544026 | |
| 32 | Delhi II | 09958272064 | | |
| 33 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 34 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 35 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 36 | Jaipur | 09950838171 | 0141-2319806 | |
| 37 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 38 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 39 | Ludhiana | 09958272064 | 0161-2728238 | |
| 40 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 41 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 42 | Siliguri | 07319562716 | 0353-2430407 | |
| 43 | Surat I | 9497757231 | 0261-2438673 | |
| 44 | Trichy | 09750125580 | 09750125580 | |
| 45 | Pandurna | 09422857737 | 0716-4220183 | |
| 46 | Chapra | 09939066693 | 08986369244 | |
| 47 | Warud | 09421739326 | 0722-9234223 | |

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

Coirfed



# വേവുന്ന വേനലിലും വിളകൾക്കു തണുവായ്, കയർഫെഡിന്റെ കൊക്കോഫെർട്ട്

## കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം



Customer Care Number :
0477 2243627






Call Now : 8281009828,8281009840

THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. P.B.No.4616, Alappuzha,Kerala, India

Tel: 0477 2243627, 2243628 , 2243629 www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

namasteads.com

# ലക്ഷദ്വീപിനെ ജനാധിപത്യ ധ്വംസനത്തിന്റെ പരീക്ഷണശാലയാക്കരുത്

***ലക്ഷദ്വീപ് ജനതയുടെ ജീവിതത്തിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററുടെ നടപടികൾക്കെതിരെ കേരള നിയമസഭ പ്രമേയം പാസാക്കി. മുഖ്യമന്ത്രി പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയം ഐക്യകണ്ഠേനയാണ് നിയമസഭ പാസാക്കിയത്. പ്രമേയത്തിന്റെ പൂർണ്ണരൂപം***




ലക്ഷദ്വീപ് ജനതയുടെ തനതായ ജീവിതരീതികളെ ഇല്ലാതാക്കി കാവി അജണ്ടകളും കോർപ്പറേറ്റ് താത്പര്യങ്ങളും അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്നത്. തെങ്ങുകളിൽ കാവി നിറം പൂശിക്കൊണ്ട് ആരംഭിച്ച് ഇപ്പോൾ ആ ജനതയുടെ ആവാസവ്യവസ്ഥകളെയും ജീവിതത്തെയും സ്വാഭാവിക ബന്ധങ്ങളെയും തകർക്കുന്നതായി വളർന്നുകഴിഞ്ഞിരിക്കുന്നു. പൗരത്വഭേദഗതി ബില്ലിനെതിരായി ദ്വീപിൽ നേരത്തെ സ്ഥാപിച്ചിരുന്ന ബാനറുകൾ എടുത്തുമാറ്റുകയും എഴുതിയവരെ അറസ്റ്റ് ചെയ്യുന്നതിനുമുള്ള നടപടികളും ലക്ഷദ്വീപിൽ ഉണ്ടായി. പൊതുവെ സമാധാനപരമായി ജീവിക്കുകയും അതിഥികളെ സ്നേഹവായ്പ്പുകൊണ്ട് വീർപ്പുമുട്ടിക്കുകയും ചെയ്യുന്ന രീതിയാണ് ലക്ഷദ്വീപിലെ ജനത സാധാരണനിലക്ക് സ്വീകരിക്കുന്നത്. കുറ്റകൃത്യങ്ങൾ അത്യപൂർവ്വമായിത്തീർന്ന ലക്ഷദ്വീപിൽ ഗുണ്ടാ ആക്ട് കൊണ്ടുവരുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്.

ഇത്തരത്തിൽ പ്രതിഷേധങ്ങൾ ഉയർന്നുവരുമ്പോൾ അവയെ നേരിടുന്നതിന് മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകളും നടത്തിക്കൊണ്ടാണ് ഇത്തരം നടപടികൾ സ്വീകരിച്ചിരിക്കുന്നത്. സ്വേച്ഛാധിപത്യപരമായ ഭരണരീതി ഇതിലൂടെ തുടർന്നും വികസിച്ചുവരികയായിരുന്നു. ജനങ്ങളുടെ ഉപജീവനത്തിന് അടിസ്ഥാനമായി നിൽക്കുന്ന മത്സ്യബന്ധനത്തെ തകർക്കുന്ന നടപടിയും സ്വീകരിക്കുകയാണ് ലക്ഷ്യം. മത്സ്യത്തൊഴിലാളികളുടെ ബോട്ടും വലയും സൂക്ഷിക്കുന്ന കൂടാരങ്ങൾ തന്നെ തകർത്തിരിക്കുന്നു. ജനങ്ങളുടെ സ്വാഭാവികമായ ഭക്ഷണരീതിയിൽ പ്രധാനമായി നിൽക്കുന്ന ഗോമാംസം തന്നെ ഇല്ലാതാക്കാനുള്ള നടപടികളും സ്വീകരിക്കുകയാണ്. ഗോവധ നിരോധനമെന്ന സംഘപരിവാർ അജണ്ട പിൻവാതിലിലൂടെ നടപ്പിലാക്കുകയാണ്. ഗോവധവും ഗോമാംസവും നിരോധിക്കാനും ഒപ്പം ഡയറി ഫാമുകൾ അടച്ചുപൂട്ടാനുമുള്ള നടപടികളും മുന്നോട്ടുവയ്ക്കുകയാണ്. ഇത്തരത്തിൽ ഒരു ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും ഇഞ്ചിഞ്ചായി ഇല്ലാതാക്കുന്ന നടപടികൾക്കാണ് ഇപ്പോൾ അഡ്മിനിസ്ട്രേറ്റർ ലക്ഷദ്വീപിൽ നേതൃത്വം നൽകുന്നത്. ലക്ഷദ്വീപിൽ നിലനിൽക്കുന്ന ജനാധിപത്യ സംവിധാനങ്ങളെയെല്ലാം ഇല്ലാതാക്കി ഉദ്യോഗസ്ഥ മേധാവിത്വം അടിച്ചേൽപ്പിക്കാനുള്ള നടപടികൾ തുടരുന്നു. ജില്ലാ പഞ്ചായത്തിന്റെയും വില്ലേജ് ദ്വീപ് പഞ്ചായത്തിന്റെയും അധികാരങ്ങൾ അഡ്മിനിസ്ട്രേറ്ററുടെ കീഴിലാക്കി കഴിഞ്ഞിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ നിന്നും മത്സ്യബന്ധനം, ആരോഗ്യം, വിദ്യാഭ്യാസം, മൃഗസംരക്ഷണം, കാർഷികം എന്നീ വകുപ്പുകൾ എടുത്തുമാറ്റുകയാണ്. ഈ വകുപ്പുകളിൽ നേരിട്ട് ഇടപെടാൻ അധികാരമില്ലാതിരുന്ന അഡ്മിനിസ്ട്രേറ്റർക്ക് അതിനുള്ള അധികാരവും ഒരു ഉത്തരവിലൂടെ

















നൽകിയിരിക്കുകയാണ്. ഇതിലൂടെ കേന്ദ്ര സർക്കാർ തങ്ങൾക്ക് താത്പര്യമുള്ള ഉദ്യോഗസ്ഥരെ വിന്യസിച്ച് ദ്വീപിന്റെ സ്വാഭാവികമായ ജനാധിപത്യക്രമത്തെ തകർക്കുകയാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അതിവിചിത്രമായ ഉത്തരവും അവതരിപ്പിക്കുകയാണ്. രണ്ടു കുട്ടികളിൽ കൂടുതലുള്ളവർ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കരുതെന്ന സമീപനം നമ്മുടെ രാജ്യത്ത് കേട്ടുകേൾവി പോലുമില്ലാത്തതാണ്. അതും നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. അതുവഴി ദ്വീപിലെ ബഹുഭൂരിപക്ഷം പേർക്കും അവരുടെ ജനാധിപത്യപരമായ അവകാശം ഇല്ലാതാകുന്ന സ്ഥിതിയാണുണ്ടാവുക. ദ്വീപ്സമൂഹത്തിന്റെ ആവാസ വ്യവസ്ഥയും സംസ്കാരവും സുരക്ഷയും സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവിടെ നിലനിൽക്കുന്ന നിയമമാണ് ദ്വീപിന് പുറത്തുള്ള ആർക്കുമിവിടെ ഭൂമി വാങ്ങാൻ അവകാശമില്ലായെന്നത്. ഇന്ത്യയിൽ പലയിടത്തും നിലനിൽക്കുന്ന നിയമവുമാണിത്. എന്നാൽ അതിനും മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായുള്ള പരിഷ്കാരങ്ങളും നടപ്പിലാക്കുകയാണ്.

ഒരോ മൂന്നു വർഷം കൂടുമ്പോഴും ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശവും പുതുക്കണമെന്ന നിർദ്ദേശവും വന്നുകഴിഞ്ഞു. ഇതിന് വീഴ്ച വന്നാൽ രണ്ടു ലക്ഷം രൂപ പിഴയൊടുക്കുകയും ഒരോ ദിവസം 20,000 രൂപ പിഴയൊടുക്കുകയും ചെയ്യണമെന്ന നിർദ്ദേശവും വന്നുകഴിഞ്ഞു. വിദൂര സ്ഥലങ്ങളിൽ ജോലി ചെയ്തു ജീവിക്കുന്നവർക്ക് തീർത്തും അപ്രാപ്യമായ നടപടിയാണ് വന്നുകൊണ്ടിരിക്കുന്നത്. നൂറ്റാണ്ടുകളായി പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന നാടുകളാണ് കേരളവും ലക്ഷദ്വീപും. ബ്രിട്ടീഷ് അധിനിവേശത്തിനു മുമ്പ് പല ദ്വീപുകളും ഭരണപരമായി കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിന്റെ കീഴിലായിരുന്നു. 1956 നവംബർ 1 വരെ ലക്ഷദ്വീപ് അന്നത്തെ മലബാർ ജില്ലയുടെ ഭാഗവുമായിരുന്നു.

കേരളവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ജീവിതക്രമവും സാംസ്കാരിക രീതിയുമാണ് ലക്ഷദ്വീപിനുള്ളത്. മലയാളമാണ് അവരുടെ പ്രധാനപ്പെട്ട ഭാഷ. മലയാളം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ് ദ്വീപിലുള്ളത്. ഹൈക്കോടതി അടക്കമുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതാവട്ടെ കൊച്ചിയിലുമാണ്.

ചരക്കുകൾ വരുന്നതും പോകുന്നതും കൊച്ചി, ബേപ്പൂർ തുറമുഖങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. ചരിത്രപരമായി നിലനിൽക്കുന്ന ഈ പാരസ്പര്യ ബന്ധത്തെ തകർക്കുവാനുള്ള പരിശ്രമമാണ് ഇപ്പോൾ നടക്കുന്നത്. സാംസ്കാരികമായുള്ളലക്ഷദ്വീപിന്റെസവിശേഷതകൾക്കും അവിടത്തെ തനതു ജീവിതരീതികൾക്കുംമേൽ കടന്നുകയറ്റം നടത്തുന്ന നടപടിയെ ഒരു കാരണവശാലും

അംഗീകരിക്കാനാവില്ല. ലോകത്തിന്റെ പല ഭാഗങ്ങളിലും ജനതയുടെ ജീവിത സവിശേഷതകളെ തകർക്കപ്പെടുന്ന പരിശ്രമങ്ങൾ നടന്നിടത്തെല്ലാം ശക്തമായ ചെറുത്തുനിൽപ്പുകൾ ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെ സ്വന്തം നാട്ടിൽ അനാഥരാക്കപ്പെട്ട ജനവിഭാഗങ്ങൾ പലയിടത്തുമുണ്ട്. അതു പാഠമാകണം. അത്തരം ഹീനമായ പ്രവൃത്തികൾ ഇന്ത്യയിലുണ്ടാവരുത്.

രാജ്യത്തിന്റെ ഒരുമയ്ക്കെതിരെ നിൽക്കുന്ന ശക്തികളുടെ താത്പര്യങ്ങൾക്ക് അനുസൃതമായി നടത്തപ്പെട്ടവയാണ് എല്ലാ വിഭാഗീയ വിഘടന നീക്കങ്ങളും. ആ ചരിത്ര പശ്ചാത്തലത്തിൽ നിന്ന് വീക്ഷിക്കുമ്പോൾ ലക്ഷ ദ്വീപിന്റെ ഭാവി ഉത്കണ്ഠ ഉളവാക്കുന്നു.

അത് ഇരുളടഞ്ഞതായിപ്പോകുമെന്ന ആശങ്ക ഇന്ത്യൻ ജനതയുടെയാകെ മനസ്സിൽ ഉയരുന്നു. കേരളം ആ ആശങ്ക പങ്കു വയ്ക്കുന്നു. കൊളോണിയൽ ഭരണാധികാരികളുടെ ചെയ്തികളെപ്പോലും വെല്ലുന്ന രീതിയിലാണ് ഒരു ജനത വില കൽപ്പിക്കുന്ന സാംസ്കാരിക തനിമയ്ക്കുമേൽ ആക്രമണം നടക്കുന്നത്. ഇത് ബഹുസ്വരത മുഖമുദ്രയായുള്ള ഒരു ജനാധിപത്യ സംസ്കാരത്തിന് തീർത്തും അന്യം നിൽക്കുന്ന ഒന്നാണ്. അതിനാൽ തന്നെ, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോരുത്തരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തേണ്ടതാണ്.

ലക്ഷദ്വീപിൽ ഇന്ന് നടക്കുന്ന പ്രവർത്തനങ്ങൾ സംഘപരിവാർ അജണ്ടയുടെ ഒരു പരീക്ഷണശാലയായാണ് കാണേണ്ടത്. ജനതയുടെ സംസ്കാരം, ഭാഷ, ജീവിതക്രമം, ഭക്ഷണം ഇവയെല്ലാം തങ്ങൾക്ക് അനുയോജ്യമായ രീതിയിൽ മാറ്റിത്തീർക്കാനുള്ള പരിശ്രമമാണ് സംഘപരിവാർ രാജ്യത്ത് നടത്തിക്കൊണ്ടിരിക്കുന്നത്.

ജനങ്ങളുടെ ഉപജീവന മാർഗം തകർത്ത് കോർപ്പറേറ്റുകൾക്ക് പരവതാനി വിരിക്കാനുള്ള നടപടികളും അവർ സ്വീകരിച്ചുവരുന്നു. ഒരു ജനതയെ കോർപ്പറേറ്റ്




താത്പര്യങ്ങൾക്കും ഹിന്ദുത്വരാഷ്ട്രീയത്തിനും അടിമപ്പെടുത്താനുള്ള ഈ പരിശ്രമത്തിനെതിരെ ശക്തമായ ചെറുത്തുനിൽപ്പ് ഉയർന്നുവരേണ്ടതുണ്ട്. എങ്കിൽ മാത്രമേ ദേശീയ സ്വാതന്ത്ര പ്രസ്ഥാനം വിഭാവനം ചെയ്ത നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യാ രാജ്യത്തിന്റെ നിലനിൽപ്പിന് ആധാരമായ കാഴ്ചപ്പാടുകളെ സംരക്ഷിക്കാനാവൂ.

കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം കേന്ദ്ര സർക്കാരിനുണ്ട്. അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങളിൽനിന്ന് നീക്കം ചെയ്യണം. ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനങ്ങളും സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണം.



## COIR DEVELOPMENT DEPARTMENT AND COIRFED ETC CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri.Biswanath Sinha IAS, Principal Secretary, Coir | 0471-2336602 | 9895122282 |
| 2 | Sri.V.R.Vinod IAS, Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. N.Padmakumar, Special Officer (Coir) | 0471-2322046 | |
| 4 | Sri.K.S Pradeep Kumar, ADCD | 0471-2322046 | 9447811624 |
| 5 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 6 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 7 | Shri.Thomas John, D.R, Coir Development Dept. | 0471-2322046 | 9447245611 |
| 8 | Shri.C.Abhishek, Spl. Officer, Coir Dept. | 0471-2322046 | 9895671981 |
| II | Coir Project Offices | | |
| 1 | Shri.Sreekumar.B, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri.Sasikumar.S, Alappuzha | 0477-2245268 | 9567323035 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Shri.Suresh Babu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri.Sivasankaran i/c, Kannur | 0497-2705034 | 9744720375 |
| III | Coirfed Head Office | | |
| 1 | Sri. C. Suresh Kumar, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Smt. Sheela S, IAO & PM | 8281009871 | 9495967161 |
| 4 | Shri.Prakash K S, Dy.Finance Manager | 8281009820 | |
| 5 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 6 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 7 | Shri. Sreevardhan Namboothiri. S Marketing Manager(Y) | 8281009817 | 8850677769 |
| 9 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 10 | Shri. Anoop Roy. R.P, QCO | 9388682432 | |
| 11 | Shri. S.Jayaprakash, Asst. Finance Manager | 8281009841 | 9745372148 |
| 12 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 13 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 14 | Smt. L. Leena, Regional Officer, Alappuzha | 0477-2246272 | 8281009832 |
| 15 | Shri.D.Sajeev, Regional Officer, Kollam | 0474-2793543 | 8281009829 |
| 16 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 17 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 18 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 19 | Sri.BabuVijayanath, Depot Manager, Alappuzha | 8281009872 | 9847222027 |
| 20 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 21 | Shri. M.P.Narayanan Nair, Prod. Supervisor | 8281009835 | |
| 22 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 23 | Shri.T.N.Vinod Kumar, Manager, RB Unit | | 9497635914 |
| 24 | Shri.Nagappan, Dispatch Supervisor, PVCT Unit | 8330010737 | 8075250903 |
| 25 | Ramla Beevi.H, Central Stores Manager i/c | 0477-2242471 | |








# ഒരു ജില്ല

## ഈ വർഷം 108 യൂണിറ്റുകൾ ലക്ഷ്യമിട്ട് വ്യവസായ വകുപ്പ്

**ഓ**രോ ജില്ലയിലെയും കാർഷിക ഉത്പന്നങ്ങളിൽ നിന്ന് വ്യാവസായികാടിസ്ഥാനത്തിൽ മൂല്യവർധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള ഒരു ജില്ല ഒരു ഉത്പന്നം പദ്ധതിയിൽ ഈ വർഷം വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത് 108 യൂണിറ്റുകൾ. സംസ്ഥാനത്ത് കൂടുതൽ ചെറുകിട സൂക്ഷ്മ ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതിലൂടെ സാധിക്കും.

ഇത്തരത്തിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് പദ്ധതി ചെലവിന്റെ 35 ശതമാനം വരെയാണ് സർക്കാർ ധനസഹായം നൽകുക. ഒരു യൂണിറ്റിന് പത്തു ലക്ഷം രൂപ വരെ സഹായം ലഭിക്കും. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു പുറമെ നിലവിൽ ഇത്തരം വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഇതിന്റെ പ്രയോജനം ലഭിക്കും. വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 4.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ ജില്ലയിലും പദ്ധതി നടപ്പാക്കുന്നതിനുള്ള ഉത്പന്നങ്ങൾ വ്യവസായ വകുപ്പ് തരംതിരിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് മരച്ചീനി, കൊല്ലത്ത് മരച്ചീനിയും മറ്റു കിഴങ്ങു വർഗങ്ങളും, പത്തനംതിട്ടയിൽ ചക്ക, ആലപ്പുഴയിലും തൃശൂരിലും നെല്ലുത്പന്നങ്ങൾ, കോട്ടയത്തും എറണാകുളത്തും കൈതച്ചക്ക, ഇടുക്കിയിൽ സുഗന്ധവ്യഞ്ജനങ്ങൾ, പാലക്കാട് ഏത്തക്കായ,















# ഒരു ഉത്പന്നം

## സംരംഭകർക്ക് പത്തു ലക്ഷം രൂപ വരെ സഹായം

മലപ്പുറത്തും കോഴിക്കോടും തേങ്ങയിൽ നിന്നുള്ള ഉത്പന്നങ്ങൾ, വയനാട് പാലും പാലുത്പന്നങ്ങളും കണ്ണൂരിൽ വെളിച്ചെണ്ണ, കാസർകോട് ചിപ്പി എന്നിവയുമായി ബന്ധപ്പെട്ട വ്യവസായ യൂണിറ്റുകളാണ് പദ്ധതി പ്രകാരം ആരംഭിക്കുക. വ്യവസായ വികസനത്തോടൊപ്പം കാർഷികാഭിവൃദ്ധിയും ഇതിലൂടെ സാധ്യമാകുമെന്നാണ് കരുതുന്നത്. വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ കാർഷികോത്പന്നങ്ങൾ ഉത്പാദിപ്പിക്കാനും മികച്ച വില ലഭിക്കാനും കർഷകർക്ക് അവസരം ലഭിക്കും.

ഒരു യൂണിറ്റ് ആരംഭിക്കാൻ പത്തു മുതൽ 25 ലക്ഷം വരെ രൂപ ചെലവു വരുമെന്നാണ് കണക്കാക്കുന്നത്. ഒരു യൂണിറ്റിൽ കുറഞ്ഞത് പതിനഞ്ചു പേർക്കെങ്കിലും നേരിട്ടും അല്ലാതെയും തൊഴിൽ ലഭ്യമാക്കാനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർ ബ്ളോക്ക്, മുനിസിപ്പാലിറ്റി, കോർപറേഷൻ തലങ്ങളിലുള്ള വ്യവസായ വികസന ഓഫീസർമാരെയാണ് ബന്ധപ്പെടേണ്ടത്. വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് എല്ലാ കേന്ദ്രങ്ങളിലും ഹാൻഡ് ഹോൾഡിംഗ് സംവിധാനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. സംരംഭകരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സംസ്ഥാന, ജില്ല തലങ്ങളിൽ സംവിധാനം ഏർപ്പെടുത്തും. ഇതോടൊപ്പം താലൂക്ക് തല ഓഫീസുകൾ ശക്തിപ്പെടുത്തുകയും ഓൺലൈൻ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യും.







*കോഴിക്കോട് കയർ പ്രോജക്ടിനുകീഴിൽ ജൂൺ മാസം പ്രവർത്തനം ആരംഭിച്ച പുതിയ ചകിരി മില്ല് - സെന്റ് ജോസഫ് മിൽ, വേനപ്പാറ.*

# കോവിഡ് രണ്ടാംഘട്ട ധനസഹായം: പ്രത്യേക അപേക്ഷകൾ സമർപ്പിക്കേണ്ടതില്ല

**കോ**വിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ ഭാഗമായി കയർ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കായി പ്രത്യേക ധനസഹായ അപേക്ഷകൾ ഒന്നുംതന്നെ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ക്ഷണിച്ചിട്ടില്ലെന്നറിയിക്കുന്നു. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 1000 രൂപയുടെ രണ്ടാംഘട്ട കോവിഡ് ആശ്വാസ ധനസഹായം സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് അയച്ച് നൽകുന്നതാണെന്നും അറിയിക്കുന്നു. ആയതിനാൽ അക്ഷയ കേന്ദ്രങ്ങൾ വഴിയോ നേരിട്ടോ അപേക്ഷകൾ ഒന്നുംതന്നെ സമർപ്പിക്കേണ്ടതില്ലെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.





*തൃശൂർ കയർ പ്രോജക്ടിൽ കൊടുങ്ങല്ലൂർ കാവിൽ കടവ് കയർ വ്യവസായ സഹകരണ സംഘത്തിലെ പുതുതായി സ്ഥാപിച്ച റോട്ടറി ക്രഷർ ട്രയൽ റൺ നടത്തുന്നു.*

**രസക്കയർ...**

## മെസ്സി ചവിട്ടിയ ചേർത്തലത്തടുക്ക്



**ഫു**ട്ബോളിന്റെ മിശിഹ മെസ്സിയും ലോക പ്രശസ്ത സ്പാനീഷ് ഫുട്ബോൾ ക്ലബ് ബാഴസലോനയും ലോകത്തിന്റെ മുഴുവൻ ശ്രദ്ധാ കേന്ദ്രമാണല്ലോ.

ബാഴസ ലോനയുടെ ആവശ്യത്തിനുള്ള കയർത്തടുക്കുകൾ അവർ വാങ്ങുന്നത് നമ്മുടെ ചേർത്തലയിൽ നിന്നാണ്. അടിച്ചുപൊളിക്കൂ എന്നർത്ഥം വരുന്ന 'സലീസ് ഇൻദിസ്ഫ്രൂതാ' എന്ന് എഴുതിയ ഈ തടുക്കുകൾ ബാഴ്സക്ക് നൽകുന്നത് ചേർത്തലയിലെ ട്രാവൻകൂർ കൊക്കോടഫ്റ്റ് എന്ന സ്ഥാപനമാണ്. ബാഴ്സയുടെ മൈതാനത്തിന്റെ കവാടത്തിലടക്കം ഇടുന്ന ഈ തടുക്കുകൾ മത്സര ശേഷം ലേലം ചെയ്ത് തുക ജീവകാരുണ്യ പ്രവർത്തനത്തിന് ഉപയോഗിക്കുകയാണ് പതിവ്.

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (വാക്സിൻ ചലഞ്ച്)യിലേക്ക് പുത്തൻചിറ കയർ സംഘം ചെക്ക് കൈമാറി

**മു**ഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (വാക്സിൻ ചലഞ്ച്) യിലേക്ക് തൃശ്ശൂർ കയർ പ്രോജക്ടിലെ പുത്തൻചിറ കയർ വ്യവസായ സഹകരണ സംഘം 10,000 രൂപ നൽകി. അഡ്വ. വി.ആർ. സുനിൽ കുമാർ എം.എൽഎയ്ക്ക് സംഘം പ്രസിഡന്റ് ചെക്ക് കൈമാറി.





*കയർ സംഘം തൊഴിലാളികൾക്ക് തൃശ്ശൂർ കയർ പ്രോജക്ടിലെ ചപ്പാറ കയർ വ്യവസായ സഹകരണ സംഘം കോവിഡ് സഹായം നൽകുന്നു.*

---

**രസക്കയർ...**

# നാഗത്തുംപാടത്തിന്റെ നാളീകേര പെരുമ

**ഒ**രുകാലത്ത് കല്ലായി പുഴയുടെ തീരത്തുള്ള ഒളവണ്ണയിലെ നാഗത്തുംപാടം പ്രധാന തേങ്ങ അനുബന്ധ വ്യവസായ മേഖലയായിരുന്നു. 65 കൊല്ലം മുൻപ് അഴിഞ്ഞിലത്ത് നിന്നും തോണിയിലെത്തിച്ച നാളികേരങ്ങൾക്കിടയിൽ അസാധാരണ വലിപ്പമുള്ള മൂന്ന് നാളികേരങ്ങൾ കണ്ടെത്തി. ചിറയക്കാട്ട് അബ്ദുൾഖാദറിന്റെ കെട്ടിടത്തിൽ നാളികേര കച്ചവടം നടത്തിയ മുഹമ്മദ് ഹാജിയുടെ ജോലിക്കാരായ അയിലാളത്ത് രാരു, പുതിയോട്ടിൽ പോക്കരുട്ടി, പൂവത്തുംകണ്ടി ബാബു എന്നിവർ അവ ചകിരിക്കയറിൽ ചുറ്റിക്കെട്ടി പീടികയുടെ കഴുക്കോലിൽ തൂക്കിയിടുകയും ചെയ്തു. ഇവിടുത്തെ നാളീകേര- ചകിരി വ്യവസായത്തിന്റെ പ്രതാപമെല്ലാം അസ്തമിച്ചിട്ടും ഇവ ആരും അഴിച്ചെടുത്തില്ല.

ആറരപതിറ്റാണ്ടു പിന്നിടുമ്പോഴും ഇവയിൽ രണ്ടെണ്ണം ഇപ്പോഴും അവിടെ ശേഷിക്കുന്നു. ഉണങ്ങി ചുരുങ്ങിയിട്ടും ഇപ്പോഴും ഇവക്ക് ഒരു ഫുട്ബോളിനേക്കാൾ വലിപ്പമുണ്ട്. അപ്പോൾ 65 കൊല്ലം മുമ്പ് ഇവ എത്ര വലുതായിരുന്നിരിക്കണം! മണ്ഡരി തേങ്ങകൾ കണ്ടുവളർന്ന ഇന്നത്തെ തലമുറക്ക് വിസ്മയം തീർക്കുന്ന ഈ ഇരട്ട തേങ്ങകളെ എല്ലാ ലോക നാളി കേര ദിനങ്ങളിലും നാട്ടുകാർ ആദരിക്കുന്നുണ്ട്. മാത്രമല്ല ഇപ്പോൾ ഈ നാളീകേരത്തിന്റെ ഖ്യാതി കടലു



കടന്നിട്ടുമുണ്ട്. ഇതിനോടകം നിരവധി വിദേശികൾ തേങ്ങ കാണാൻ എത്തിയിട്ടുണ്ട്.

തേങ്ങാ സംഭരണം, തേങ്ങ പൊളിക്കൽ, കൊപ്രപ്പണി, തൊണ്ട് പൂത്തൽ, ചകിരി തല്ലൽ, ചൂടി പിരി തുടങ്ങി നാളികേരവുമായി ഇഴചേർന്ന പ്രവൃത്തികൾ ജീവിതമാർഗമായിരുന്ന ആ കാലത്ത് തെങ്ങിനോടും നാളികേരത്തിനോടുമുള്ള ജനതയുടെ ബന്ധം കൂടി വെളിപ്പെടുത്തുന്നുണ്ട് ഈ ഉണക്ക തേങ്ങകൾ.

# വ്യവസായ-കയർ വകുപ്പ് മന്ത്രി കയർ പൊതുമേഖലാ സ്ഥാപന മേധാവികളുമായി ഓൺലൈനിൽ ചർച്ച നടത്തി




വ്യവസായ, നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് കയർ വികസന ഡയറക്ടറേറ്റ്, കയർ അപെക്സ്, പൊതുമേഖല, എൻ.സി.ആർ.എം.ഐ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മേധാവികളുമായി ചർച്ച ചെയ്യുന്നതിന് ഓൺലൈൻ യോഗം ജൂൺ 11ന് ചേർന്നു. കയർ പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹ ഐ.എ.എസ്, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ, അഡിഷണൽ കയർ വികസന ഡയറക്ടർ കെ.എസ്. പ്രദീപ് കുമാർ, എൻ.സി.ആർ.എം.ഐ ഡയറക്ടർ കെ.ആർ.അനിൽ, സി.എം.ഡിയിലെ ബിജു നാരായണൻ തുടങ്ങിയവർ സംബന്ധിച്ചു.

രസക്കയർ...

# മമ്മൂട്ടി 'തുടങ്ങിയ' കയർഫാക്ടറി

മമ്മൂട്ടി സിനിമയിൽ അഭിനയിച്ചു തുടങ്ങിയത് ചേർത്തല കവളങ്കോടം സി.എം.എസ്. കയർ ഫാക്ടറിയിലെ ലൊക്കേഷനിലായിരുന്നത്രേ. അനുഭവങ്ങൾ പാളിച്ചകൾ എന്ന സിനിമയിൽ 'തല കാണിക്കാൻ' അന്നത്തെ ഹിറ്റ് സിനിമയുടെ സംവിധായകൻ കെ. എസ്. സേതുമാധവനോട് അവസരം ചോദിക്കാൻ മമ്മൂട്ടി കാത്തുനിന്നതും ഈ കയർ ഫാക്ടറിക്കു മുമ്പിൽത്തന്നെ. വർഗശത്രുവിനെ എതിർത്തുകൊന്ന ശേഷം തൂക്കുമരം ഏറ്റുവാങ്ങുന്ന കരുത്തനായ ചെല്ലപ്പന്റെ റോളിലാണ് ഈ സിനിമയിൽ സത്യൻ അഭിനയിക്കുന്നത്.

ചെല്ലപ്പനെ സഹായിച്ചതിന്റെ പേരിൽ മുതലാളിയുടെ ഗുണ്ടകൾ ഫാക്ടറി കവാടത്തിലുള്ള ബഹദൂറിന്റെ മാടക്കട തല്ലിതകർക്കുന്നു. ആ വാർത്തയറിഞ്ഞ് ഓടിക്കിതച്ച് വരുന്ന ബഹദൂറിന് ഒപ്പം വരുന്ന രണ്ട് പേരിൽ ഒരാളാണ് ഈ സിനിമയിൽ മമ്മൂട്ടി. മലയാളത്തിലെ എക്കാലത്തേയും മഹാനടനായ സത്യന്റെ കാൽ മമ്മൂട്ടി തൊട്ടുവന്ദിച്ചതും ഇവിടെത്തന്നെ. സത്യൻ തുടർച്ചയായ ഷൂട്ടിങ്ങിന്റെ ക്ഷീണം തീർക്കാൻ ഫാക്ടറിക്കെട്ടിടത്തിനുള്ളിൽ കാലിചാക്ക് വിരിച്ചുറങ്ങുകയായിരുന്നു. അദ്ദേഹത്തിന്റെ അടുത്തെത്തിയ മമ്മൂട്ടി ഭവ്യതയോടെ ആ കാൽ തൊട്ട് വന്ദിച്ചു. എന്നാൽ സത്യൻ പോലും ഈ വിവരം അറിഞ്ഞിട്ടുണ്ടാവില്ലത്രേ. തന്റെ 'ചമയങ്ങളില്ലാതെ'എന്ന ആത്മകഥയിൽ ഇക്കാര്യങ്ങളൊക്കെ വിശദമാക്കുന്നുണ്ട് നമ്മുടെ മെഗാസ്റ്റാർ.



# പ്രത്യേക ക്യാഷ് പ്രൈസ്

കയർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**



# കോവിഡ് സഹായം വിതരണം ചെയ്തു

**ആ**ലപ്പുഴ കയർ പ്രോജക്ടിലെ വയലാർ കയർ സർക്കിൾ ഓഫീസിന്റെ പരിധിയിൽ വരുന്ന ചേർത്തല സ്മാൾ സ്കെയിൽ സി. എം. പി. സി. എസ് ക്ലിപ്തം നമ്പർ എ 886 സംഘം കോവിഡ് രണ്ടാം തരംഗം ദുരിതാശ്വാസമായി സംഘം അംഗങ്ങൾക്ക് 2000 രൂപയുടെ ധനസഹായം വിതരണം ചെയ്തു. പ്രളയ സമയത്ത് സംഘം 5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ നിധിയിലേക്ക് സംഘം നൽകിയിരുന്നു.



*ചേർത്തല സ്മാൾ സ്കെയിൽ സി. എം. പി. സി. എസ് ക്ലിപ്തം നമ്പർ എ 886 സംഘം മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന 2 ലക്ഷം രൂപ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് സംഘം പ്രസിഡന്റ് എം.ജി.സിദ്ധാർത്ഥനിൽ നിന്നും സ്വീകരിക്കുന്നു.*

# കയർ സഹകരണ സംഘം തൊഴിലാളികൾക്ക് കോവിഡ് ദുരിതാശ്വാസ കിറ്റുകൾ നൽകി

**ലോ**ക്ഡൗൺ കാലയളവിൽ തൊഴിലും കൂലിയും നഷ്ടപ്പെട്ട അയണി വേലിക്കുളങ്ങര കയർ സഹകരണ സംഘത്തിലെയും കോഴിക്കോട് കയർ സഹകരണ സംഘത്തിലേയും കയർതൊഴിലാളികൾക്ക് കരുനാഗപ്പള്ളിയിലെ പ്രമുഖ വ്യാപാരസ്ഥാപനമായ പോച്ചയിൽ എച്ച്.എസ്. മാൾ ഭക്ഷ്യധാന്യ കിറ്റുകൾ നൽകി. അയണിവേലിക്കുളങ്ങര കയർ സഹകരണ സംഘത്തിന് വേണ്ടി സാമൂഹ്യക്ഷേമ ബോർഡ് ചെയർ പേഴ്സൺ



*കരുനാഗപ്പള്ളി - അയണി വേലിക്കുളങ്ങര കയർ സഹകരണ സംഘം തൊഴിലാളികൾക്ക് പോച്ചയിൽ എച്ച്.എസ് മാൾ നൽകിയ കോവിഡ് ദുരിതാശ്വാസ കിറ്റുകൾ സാമൂഹ്യക്ഷേമ ബോഡ് ചെയർ പേഴ്സൺ സൂസൻ കോടി പോച്ചയിൽ ഗ്രൂപ്പ് ചെയർമാൻ നാസർ പോച്ചയിലിൽ നിന്നും ഏറ്റുവാങ്ങുന്നു.*

സൂസൻ കോടിയും കോഴിക്കോട് കയർസഹകരണ സംഘത്തിന് വേണ്ടി പ്രസിഡന്റ് മുനമ്പത്ത് ഷിഹാബും പോച്ചയിൽ ഗ്രൂപ്പ്ചെയർമാൻ നാസർ പോച്ചയിലിൽ നിന്നും ഭക്ഷ്യധാന്യകിറ്റുകൾ ഏറ്റുവാങ്ങി. അയണി വേലിക്കുളങ്ങര കയർ സംഘം പ്രസിഡന്റ് സോമൻ, സെക്രട്ടറിമാരായ ശാന്തിനി, ആതിര, തൊഴിലാളി രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു.

# പൊതുമേഖലക്കായി മികവിന്റെ പുരസ്കാരങ്ങൾ

**വ്യ**വസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ആരോഗ്യകരമായ മത്സരം പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ വിഭാഗങ്ങളിൽ മികച്ച പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മികവിന്റെ പുരസ്കാരങ്ങൾ ഏർപ്പെടുത്തും.

മികച്ച പൊതുമേഖലാ സ്ഥാപനം, മികച്ച മാനേജിംഗ് ഡയറക്ടർ,മികച്ച മാനേജ്മെൻറ് - ഗവേഷണപ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഓഫീസർ, മാതൃകാ തൊഴിലാളി എന്നീ വിഭാഗങ്ങളിൽ ആയിരിക്കും പുരസ്കാരങ്ങൾ നൽകുക. പുരസ്കാരങ്ങൾക്ക് അർഹരായവരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാനും തെരഞ്ഞെടുപ്പു രീതി നിർദ്ദേശിക്കുന്നതിനും കോഴിക്കോട് ഐ ഐ എമ്മിനെ ചുമതലപ്പെടുത്തും.

മാനേജിംഗ് ഡയറക്ടർമാർ, ജനറൽ മാനേജർമാർ തുടങ്ങിയ മുതിർന്ന ഉദ്യോഗസ്ഥർക്ക് അക്കാദമിക - മാനേജ്മെൻറ് മേഖലകളിൽ പരിശീലനം നൽകുന്നതിനും തീരുമാനിച്ചു.

രാജ്യത്തെ പ്രമുഖ ഗവേഷണ, മാനേജ്മെൻറ് സ്ഥാപനങ്ങളുമായി ചേർന്നായിരിക്കും പരിശീലന പരിപാടി സംഘടിപ്പിക്കുക. പുതിയ സാങ്കേതിക, മാനേജ്മെൻറ് രീതികൾ പരിചയപ്പെടുത്തുന്നതിനുള്ള റിഫ്രഷർ കോഴ്സുകളും സംഘടിപ്പിക്കും

**രസക്കയർ...**

# കൊക്കോ ദ് മേർ: അത്ഭുത തെങ്ങ്

**ഒരു തേങ്ങക്ക് 40 കിലോ ഭാരം**
**കായ്ക്കാൻ 100 വർഷം, മൂപ്പെത്താൻ 67 വർഷം**

**ഇ**ന്ത്യൻ മഹാസമുദ്രത്തിലെ സെ ഷെൽ ദ്വീപുകളിലാണ് കൊക്കോ ദ് മേർ എന്ന അത്ഭുത തെങ്ങുള്ളത്. തെങ്ങും പനയും ഒന്നായപോലെയുള്ള ഈ സസ്യം ഇരട്ടത്തെങ്ങന്നും അറിയപ്പെടുന്നു. ഭൂമിയിലെ അപൂർവ സസ്യങ്ങളിൽ ഒന്നാണ് കൊക്കോ ദ് മേർ ആൺമരങ്ങളും പെൺമരങ്ങളും വെവ്വേറെയായിട്ടാണ് കാണപ്പെടുന്നത്. കൊക്കോ ദ് മേർ പെൺമരങ്ങൾ ഏകദേശം 100 വർഷം കഴിഞ്ഞാലേ കായ്ക്കുകയുള്ളൂ. ഇത് പൂവിട്ടാൽ തേങ്ങ മൂക്കാൻ 67 വർഷമെടുക്കും. നട്ടാൽ മുളയ്ക്കാൻ രണ്ടുവർഷവും വേണം.

ലോകത്തെ ഏറ്റവും ഭാരമേറിയ വിത്ത് കൊക്കോ ദ് മേറിന്റേതാണ്. ഒരു തേങ്ങക്ക് 15 മുതൽ 40 കിലോ ഗ്രാം വരെ ഭാരമുണ്ടാകും. ഇതിന്റെ ഒരു തേങ്ങ സ്വന്തമാക്കാൻ റോമൻ ചക്രവർത്തിയായ റുഡോൾഫ്



രണ്ടാമൻ 4,000 സ്വർണനാണയങ്ങൾ നൽകിയെന്നാണ് ചരിത്രത്തിൽ രേഖപ്പെടുത്തിയത്. കുറഞ്ഞത് 200 വർഷമാണ് ഈ വൃക്ഷത്തിന്റെ ആയുസ്.





# സുശീലാ ഗോപാലൻ വിപ്ലവ വഴിയിലെ രക്തതാരകം



പി.വി. വേണുഗോപാൽ

**സു**ശീലാ ഗോപാലൻ, കേരളത്തിലെ കയർത്തൊഴിലാളികളുടെ ജീവിത-സമര ചരിത്രത്തിൽ ഒരിയ്ക്കലും മായ്ക്കപ്പെടാത്ത പേരുകളിലൊന്ന്. പാവങ്ങളുടെ പടത്തലവൻ എ.കെ.ജിയുടെ പ്രിയ പത്നി. പോരാട്ടവീറിന്റെ നീറുന്ന കനൽ മരണം വരേയും മനസിൽ സൂക്ഷിച്ച പോരാളി. മികച്ച ഭരണാധികാരി. വിശേഷണങ്ങൾ എത്രവേണെങ്കിലും ഇണങ്ങുന്ന സുശീലാഗോപാലൻ അന്തരിച്ചിട്ട് 2021 ഡിസംബർ 19ന് രണ്ടു പതിറ്റാണ്ട് തികയും.

ഇതിഹാസ തുല്യമായ പുന്നപ്ര-വയലാർ സമരത്തിന്റെ പാരമ്പര്യം പേറുന്ന മുഹമ്മ ചീരപ്പൻചിറ തറവാടിന്റെ തായ്‌വഴികളിലൊന്നിലാണ് 1929, ഡിസംബർ 29ന് സുശീല ജനിച്ചത്. വിദ്യാർത്ഥിനിയായിരിക്കേ തന്നെ പോരാട്ടത്തിന്റെ വഴി തെരഞ്ഞെടുത്ത വിപ്ലവകാരിയായിരുന്നു അവർ. വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും അവരെ നാടിന്റെ പൊതു സമരമുഖത്ത് അണിചേർക്കാനുമായി വിദ്യാർത്ഥി സംഘടന സ്ഥാപിക്കാൻ ശ്രമിച്ചതിന് വിദ്യാഭ്യാസ കാലത്ത് തന്നെ അധികൃതരിൽ നിന്ന് ശിക്ഷ ഏറ്റു വാങ്ങിയിരുന്നു. 1948 ൽ പതിനെട്ടാം വയസിലാണ് സുശീല കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുന്നത്. ഏതാണ്ട് അക്കാലത്ത് തന്നെ, വയലാർ സമര വീരനായ അമ്മാവൻ സി.കെ. കുമാരപ്പണിക്കരുടെ സ്വാധീനത്തിൽ ആലപ്പുഴയിലെ കയർ തൊഴിലാളികൾക്കിടയിൽ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചിരുന്നു. 1957ലാണ് മഹാനായ എ.കെ.ജിയെ ജീവിത സഖാവായി സുശീല തിരഞ്ഞെടുത്തത്. 1964ൽ കമ്യൂണിസ്റ്റ് പാർട്ടി പിളർന്നതിനുശേഷം സുശീല സി.പി.ഐ.എമ്മിന്റെ സംസ്ഥാന കമ്മിറ്റി അംഗമായി, പിന്നീട് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവും കേന്ദ്ര കമ്മറ്റി അംഗമായും തെരെഞ്ഞെടുക്കപ്പെട്ടു. സി.ഐ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റായും അഖിലേന്ത്യാ വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷന്റെ സ്ഥാപകരിലൊരാളായിരുന്ന സുശീല 1980ൽ അതിന്റെ ആദ്യ ജനറൽ സെക്രട്ടറിയുമായി. 2001 വരെ ആ സ്ഥാനത്ത് തുടരുകയും ചെയ്തു.

1971ൽ കൊല്ലത്ത് മജീദിയ ഹാളിൽ കൂടിയ കയർത്തൊഴിലാളി സംഘടനകളുടെ ഏകോപനസമിതി യോഗം കേരള കയർ വർക്കേഴ്സ് സെന്റർ എന്ന സംഘടനയ്ക്ക് രൂപം നൽകിയപ്പോൾ കൗമാരകാലം മുതൽതന്നെ കയർത്തൊഴിലാളികൾക്കായി പ്രവർത്തിച്ച സുശീലയെ അതിന്റെ അധ്യക്ഷ പദവിയിലേക്ക് തെരഞ്ഞെടുക്കാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. അതോടെ ജീവിക്കാനുള്ള അവകാശത്തിനായുള്ള കയർത്തൊഴിലാളികളുടെ പോരാട്ടത്തിൽ സുശീലയുടെ നേതൃത്വത്തിൽ ഉജ്വലങ്ങളായ നിരവധി അധ്യായങ്ങൾ രചിക്കപ്പെട്ടു.



എഴുപതുകളുടെ ആദ്യം യന്ത്രവത്ക്കരണത്തിനും തൊഴിലില്ലായ്മയ്ക്കുമെതിരായും മിനിമം കൂലിക്കും വേണ്ടിയുമുള്ള കയർ തൊഴിലാളികളുടെ സമരം സംസ്ഥാനത്ത് കത്തിപ്പടർന്നു. ഇതിന്റെ ഭാഗമായാണ് 1973 മേയ് മൂന്നിന് കയർത്തൊഴിലാളിയായ വാഴമുട്ടത്തെ അമ്മു പോലീസിന്റെ വെടിയേറ്റ് രക്തസാക്ഷിത്വം വരിച്ചത്. അമ്മുവിന്റെ ബലികൂടീരത്തിൽ നിന്നുള്ള ദീപശിഖയുമായി കാസർഗോഡുവരെ 280 വില്ലേജുകളിലായി ചിന്നിച്ചിതറി കിടക്കുന്ന അഞ്ചുലക്ഷത്തോളം തൊഴിലാളികളെ കയർ സെന്ററിന്റെ കീഴിൽ അണിനിരത്തുകയെന്ന ലക്ഷ്യത്തോടെ നടത്തിയ സംസ്ഥാനതല ജാഥ സംഘടിപ്പിക്കുന്നതിനും അത് വിജയിപ്പിക്കുന്നതിനും സുശീല പ്രകടിപ്പിച്ച നേതൃപാടവം അവിസ്മരണീയമാണ്. ആ ജാഥയെത്തുടർന്നാണ് മലബാർ മേഖലയിൽ കയർ യൂണിയനുകളുടെ പ്രവർത്തനം സജീവമായത്. അതുപോലെതന്നെ കയർ തൊഴിലാളികളുടെ സമരചരിത്രത്തിൽ ഒരിക്കലും വിസ്മരിക്കാൻ



കഴിയാത്തതാണ് 1975 മാർച്ച് 31ന് കാസർഗോട്ടുനിന്ന് ആരംഭിച്ച പട്ടിണി മാർച്ച്. ഒന്നര മാസക്കാലം നീണ്ട ആ ജാഥ വിജയിപ്പിക്കാൻ സുശീലയും എ.കെ.ജിയും വഹിച്ച പങ്ക് കയർത്തൊഴിലാളി സമര ചരിത്രത്തിൽ തങ്ക ലിപികളാൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

തൊഴിലാളികളുടെ വക്കാലത്തുമായി ഏതറ്റംവരെയും പോകാനുള്ള സുശീലയുടെ നിശ്ചയദാർഢ്യം കേരളം അനുഭവിച്ചറിഞ്ഞത് 1994ൽ ആയിരുന്നു. അന്നത്തെ സർക്കാർ കയർ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിന്റെ ആദ്യപടിയായി, കയറ്റുമതിക്കാരുടെയും തൊണ്ടുവ്യാപാരികളുടെയും താത്പര്യാർത്ഥം തൊണ്ട് വില നിയന്ത്രണ ഉത്തരവ് റദ്ദ് ചെയ്തപ്പോൾ അതിനെതിരെ കയർ സെന്റർ ഹൈക്കോടതിക്കുമുന്നിൽ ആയിരക്കണക്കിന് തൊഴിലാളികളുടെ പ്രകടനം നടത്തിക്കൊണ്ട് ചീഫ് ജസ്റ്റിസിന് നിവേദനം നൽകി. ആ നിവേദനം റിട്ടായി ഹൈക്കോടതി പരിഗണിച്ചപ്പോൾ കയർ സെന്ററിനുവേണ്ടി ഹൈക്കോടതിയിൽ നേരിട്ട് വാദിക്കാൻ സുശീല കോട്ടില്ലാ വക്കീലായി കോടതിയിലെത്തി. നിയമം സാമൂഹ്യ നന്മയ്ക്കാകണമെന്ന കാഴ്ച്ചപ്പാടോടെ സുശീല ഉയർത്തിയ വാദമുഖങ്ങൾ ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകരുടെ പോലും പ്രശംസ പിടിച്ചുപറ്റി.

തൊഴിലാളികളുടെ അവകാശപ്പോരാട്ടങ്ങളുടെ ധീരനായികയായിരുന്ന സുശീലാ ഗോപാലൻ മികച്ച ഭരണാധികാരി എന്ന നിലയിലും തന്റെ സംഭാവനകൾ പൊതുവിൽ കേരളത്തിനും വിശിഷ്യാ കയർ മേഖലക്കും നൽകിയിട്ടുണ്ട്. 1965ൽ തൊഴിലാളി വർഗത്തിനായുള്ള പോരാട്ടങ്ങളുടെ ഭാഗമായി ജയിലിലായിരുന്ന സുശീല തടവറയിൽ നിന്ന് സംസ്ഥാന നിയമസഭയിലേക്ക് മത്സരിച്ച് ജയിച്ചു. 1967, 1980, 1991 എന്നീ വർഷങ്ങളിൽ അമ്പലപ്പുഴ, ആലപ്പുഴ, ചിറയിൻകിൽ മണ്ഡലങ്ങളിൽ നിന്ന് പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അവർ പാർലമെന്ററിരംഗത്തും തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. 1996ൽ നായനാർ മന്ത്രിസഭയിൽ വ്യവസായ സാമൂഹിക ക്ഷേമ മന്ത്രിയായി. സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡ് അംഗം, കയർ ബോർഡ് അംഗം എന്നീ നിലകളിലും അവർ കഴിവ് തെളിയിച്ചു. പാർലമെന്റംഗമെന്ന നിലയിലും എ.കെ.ജിയുടെ സഹധർമ്മി



ണിയെന്ന നിലയിലും ദില്ലിയിൽ എല്ലാ രാഷ്ട്രീയക്കാരിലും മാറിമാറി വന്ന ഭരണാധികാരികൾക്കിടയിലും സുശീലയ്ക്ക് പ്രത്യേക പരിഗണന ലഭിച്ചിരുന്നു. ഇതുപയോഗിച്ച് കേരളത്തിലെ കയർ പ്രതിസന്ധിയ്ക്ക് പരിഹാരം കാണാൻ നടത്തിയ നിവേദനങ്ങളും സമരങ്ങളും എണ്ണമറ്റതാണ്. സ്ത്രീധന നിരോധന നിയമ (1961)ത്തിന്റെ പ്രവർത്തനം പരിശോധിക്കുന്നതിനായുള്ള പാർലമെന്ററി ജോയിന്റ് കമ്മിറ്റി അംഗമായിരുന്ന സുശീല സ്ത്രീധന നിരോധന നിയമം കാലോചിതമായി പരിഷ്കരിക്കാനും പഴുതുകളില്ലാത്തതാക്കാനും നേതൃത്വപരമായ പങ്കാണ് വഹിച്ചത്.

1996 ൽ സംസ്ഥാനത്തെ വ്യവസായ മന്ത്രിയെന്ന നിലയിൽ പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിൽ വ്യക്തിപരമായ ശ്രദ്ധതന്നെ അവർ പുലർത്തി. ആഗ്രഹത്തിനനുസരിച്ച് കയറിനും മറ്റ് പരമ്പരാഗത വ്യവസായങ്ങൾക്കും പണം ലഭിക്കാത്തതിലെ പരിഭവം ധനമന്ത്രിയോട് പരസ്യമായിപ്പോലും പ്രകടിപ്പിക്കാറുണ്ടായിരുന്നത്രേ. കയർത്തൊഴിലാളികളുടെ കൂലിയിൽ പ്രതിദിനം 21 രൂപയുടെ വർദ്ധനവ് നേടാൻ കഴിഞ്ഞത് അവർ വ്യവസായ മന്ത്രിയായിരുന്നപ്പോഴാണ്. കയർ സഹകരണമേഖലയ്ക്ക് റിവൈവൽ പദ്ധതിപ്രകാരം ഓരോ സംഘത്തിനും മൂന്നു മുതൽ അഞ്ചു ലക്ഷം രൂപ വരെ നൽകാനും സഹകരണമേഖലയെ സംരക്ഷിക്കാനും അവർ താത്പര്യമെടുത്തിരുന്നു. തൊട്ടുമുൻപുള്ള സർക്കാരിന്റെ



കാലത്ത് അപേക്ഷിക്കാൻ അവസരം നിഷേധിക്കപ്പെട്ട ഇരുപത്തയ്യായിരത്തിൽപരം കയർ തൊഴിലാളികൾക്ക് പെൻഷന് അപേക്ഷിക്കാൻ അവസരം നൽകിയ നിയമഭേദഗതി കൊണ്ടുവരുന്നതിലും അവർ പ്രത്യേകശ്രദ്ധ ചെലുത്തി. വിദേശ ഓർഡറുകളെ ആശ്രയിച്ചിരുന്ന കയർ വ്യവസായത്തിൽ ആഭ്യന്തര വിപണി കണ്ടെത്തുന്നതിനും അവർ ഏറെ പരിശ്രമിച്ചു. കയർ ഭൂവസ്ത്ര പദ്ധതിയുടെ അനന്തസാധ്യതകൾ പതിറ്റാണ്ടുകൾക്കു മുമ്പ് തന്നെ തിരിച്ചറിഞ്ഞ് അതിനായുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയത് ഇതിന്റെ ഭാഗമായാണ്. അക്കാലത്താണ് 500 മീറ്റർ നീളത്തിൽ കയർ ഫെഡ് ഹെഡാഫീസിന് മുൻവശത്തുള്ള കനാൽ ചരിവ് സംരക്ഷിക്കുന്നതിന് കയർ ഭൂവസ്ത്രം വിതാനിച്ച് മാതൃകാ പദ്ധതി നടപ്പാക്കിയത്. ഭൂവസ്ത്രവുമായി ബന്ധപ്പെട്ട് കയർഫെഡ് ചെയ്ത ആദ്യ സംരംഭവും ഇതായിരുന്നു. പാർലമെന്റിനെ പ്രതിനിധീകരിച്ച് പല തവണ കയർബോർഡിൽ സുശീല അംഗമായിട്ടുണ്ട്. ഒറ്റയാൾ പട്ടാളമായി കയർബോർഡിലെ ജനവിരുദ്ധ നയങ്ങൾക്കും സ്വകാര്യ താത്പര്യത്തിനുമെതിരെ വിട്ടുവീഴ്ചയില്ലാതെ അവർ പോരാടിയത് ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്.

തൊഴിലാളി വർഗത്തിന്റെ വിമോചന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള സമരത്തിനും സഹനത്തിനുമായി തന്റെ ജീവിതം എറിഞ്ഞു കൊടുത്ത കമ്യൂണിസ്റ്റായിരുന്നു സുശീലാ ഗോപാലൻ. പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകളിലും തൊഴിലാളികളിലും അവർ കണ്ടെത്തിയത് തന്റെതന്നെ മുഖമായിരുന്നു. അതുകൊണ്ടാണ് രാജ്യത്തെ ഏറ്റവും വലിയ ഇടതുപക്ഷ പാർട്ടിയുടേയും അതിന്റെ വർഗ ബഹുജനസംഘടനകളുടേയും കേന്ദ്ര നേതൃത്വത്തിൽ പ്രവർത്തിച്ചപ്പോഴും എം.പി.യും എം.എൽ.എയും മന്ത്രിയുമൊക്കെയായി അധികാര രാഷ്ട്രീയത്തിന്റെ ഭാഗമായപ്പോഴും സാധാരണക്കാരോടും തൊഴിലാളികളോടും ഊഷ്മളമായ സാഹോദര്യം നിലനിർത്താൻ അവർക്ക് കഴിഞ്ഞത്. 2001 ഡിസംബർ 19ന് അർബുദത്തിനെതിരായ ദീർഘവും ധീരവുമായ പോരാട്ടത്തിനുശേഷം സുശീല ഗോപാലൻ അന്തരിച്ചപ്പോൾ പകരം വെക്കനില്ലാത്ത ഒരു നേതാവിനെയാണ് കയർമേഖലക്ക് പ്രത്യേകിച്ച് കയർ ത്തൊഴിലാളികൾക്ക് നഷ്ടപ്പെട്ടത്.



# ചരിത്രത്തിലൂടെ കയർ (2)

**ശ്രീവർദ്ധൻ നമ്പൂതിരി,**
**മാർക്കറ്റിംഗ് മാനേജർ,**
**കയർഫെഡ്**

**ആ**ദ്യകാല പോർച്ചുഗീസുകാരുടെ വരവ് നമ്മുടെ നാടുമായി ഉണ്ടാക്കിയെടുത്ത വ്യാപാരബന്ധം പ്രധാനമായി സുഗന്ധവ്യഞ്ജനങ്ങളുടേതായിരുന്നു. എന്നാൽ കൂടുതൽ വിദേശീയരുടെ വരവുമൂലം ഏലം തുടങ്ങിയ പ്രധാന ഇനങ്ങൾക്ക് വലിയ ആവശ്യകതയും കുറഞ്ഞ ലഭ്യതയും എന്ന അവസ്ഥ സൃഷ്ടിച്ചു. തന്മൂലം തർക്കങ്ങളും ഉത്ഭവിച്ചു. കൂടുതൽ കപ്പലുകൾ നമ്മുടെ തീരത്തു വന്നു തുടങ്ങി. ഈ അവസരത്തിൽ ഗതാഗതം കൂടുതൽ ലാഭകരമാകണമെങ്കിൽ മറ്റൊരു ചരക്ക് വസ്തു കൂടി കണ്ടെത്തേണ്ടുകയെന്നത് അത്യന്താപേക്ഷിതമായിതീർന്നു. അങ്ങനെയാണ് പതുക്കെ നമ്മുടെ 'കയർ' വിദേശീയരുടെ ശ്രദ്ധയിൽ പെടുന്നതും അത് പിന്നീട് അവരുടെ സംഭരണ പട്ടികയിൽ മുഖ്യസ്ഥാനം പിടിക്കുകയും ചെയ്തത്.

കപ്പലുകളും കടൽമാർഗ്ഗമുള്ള യാത്രകളും മുഖ്യമായി ആശ്രയിച്ചിരുന്ന അക്കാലത്തു കൂടുതൽ വേഗത്തിൽ സഞ്ചരിക്കണമെങ്കിൽ കാറ്റിന്റെ ശക്തി കൂടുതലായി ഉപയോഗപ്പെടുത്തുക എന്നുള്ളതല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇതിനായി കൂടുതൽ ഉറപ്പുള്ള പായകളും കോറിഡ്ജുകളും ഉപയോഗിക്കുവാൻ തുടങ്ങി. നല്ല ഉറപ്പും ഈടും ഉള്ള കയർ വളരെ പെട്ടെന്ന് തന്നെ നാവിക സമൂഹത്തിന്റെ ഇഷ്ട വസ്തുവായി മാറി. അങ്ങനെയുണ്ടായ വലിയ ആവശ്യകതയെ സംതൃപ്തിപ്പെടുത്തുവാൻ തക്ക ഉത്പാദനം അന്ന് കയറിന് ഉണ്ടായിരുന്നില്ല. അന്നത്തെ കയറിന്റെ ഉത്പാദനം മുഴുവനായും കൈപ്പിരി മാതൃകായായിരുന്നു എന്നതായിരുന്നു പ്രധാന കാരണം. ഇന്നത്തെ ലക്ഷദ്വീപിൽ, അന്ന് എല്ലാ വീടുകളിലും കയർ ഉൽപ്പാദിപ്പിച്ചിരുന്നുവെന്നും അവ മുഴുവനായും പോർച്ചുഗീസ് വ്യാപാരികൾ കയറ്റിക്കൊണ്ടുപോയിരുന്നുവെന്നതും ഇതിനോട് ചേർത്ത് വായിക്കേണ്ടിയിരിക്കുന്നു.

ഈ സാഹചര്യത്തിലാണ്, തങ്ങൾക്കു വ്യക്തമായ അധികാരം ഉള്ള കുറച്ചു പ്രദേശങ്ങളിലെങ്കിലും കയർ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ പോർച്ചുഗീസ് ആരംഭിച്ചത്. ചില സ്വകാര്യ പോർച്ചുഗീസ് വ്യാപാരികളുടെ മനസ്സിൽ ഉദിച്ച ആശയം, പരുത്തി ചർക്കയിൽ പിരിക്കുന്നതിന് സമാനമായി തടി നിർമ്മിതമായ റാട്ടുകളിൽ കയർ പിരിക്കുക എന്നുള്ളതാണ്. ഈ മാതൃക വളരെ പെട്ടെന്നാണ് ഈ വ്യവസായത്തിന് വൈദ്യുതി സമാനമായ ഊർജ്ജം നൽകിയത്. ഉത്പാദനം അഞ്ചു മടങ്ങോളം വർദ്ധിച്ചു. പതിനാറാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ സംഭവിച്ച ഈ മാറ്റം നാല് നൂറ്റാണ്ടിനിപ്പുറം നമ്മൾ ഇന്നും അനുവർത്തിക്കുന്നുവെന്നത്, ചെറുതെങ്കിലും ആ ആശയത്തിന്റെ വ്യാപ്തിയെ ഉളവാക്കുന്നു.

പിന്നീടുവന്ന ഡച്ച് വ്യാപാരികൾ, തങ്ങളുടെ ഫാക്ടറികളിൽ റാട്ടുകളുടെ ഉപയോഗം കൂടുതൽ വ്യാപകമാക്കിത്തീർത്തു. ഈ നിലയിൽ ഏകദേശം 1500–1650 കാലഘട്ടത്തിൽ പോർച്ചുഗീസും, 1660–1795 കാലഘട്ടത്തിൽ ഡച്ച് വംശജരും കയർ വ്യാപാരത്തിൽ വലിയ സ്വാധീനവും, കുത്തകയും ചെലുത്തിയിരുന്നു.

പിന്നീട് ബ്രിട്ടീഷ് അധിനിവേശത്തോടെ കയർ മേഖലയിൽ ഉണ്ടായ മാറ്റത്തെക്കുറിച്ച് അടുത്ത ലക്കത്തിൽ.

രസക്കയർ...

# ഇന്ത്യാ ബുക്ക് ഓഫ് റിക്കാർഡിൽ ഇടംപിടിച്ച തെങ്ങ്

**ക**സ്റ്റംസ് സൂപ്രണ്ടായി വിരമിച്ച ജോർജ് മാത്യു പുല്ലാട്ടിന്റെ എറണാകുളം മരടിലുള്ള ഒൻപതരസെന്റ് സ്ഥലത്തെ അഞ്ചു തെങ്ങുകളിലൊന്നാണ് ഏറ്റവും കൂടുതൽ ഉത്പാദന ക്ഷമതയുള്ള തെങ്ങ് എന്ന നിലയിൽ ഇന്ത്യാ ബുക്ക് ഓഫ് റിക്കാർഡിൽ ഇടംപിടച്ചത്.

ബാക്കിയുള്ളവ വർഷത്തിൽ 100–150 നാളീകേരങ്ങൾ നൽകുമ്പോൾ ഇതിന്റെ കായ്ഫലം 350ന് മുകളിലാണ്.





*കണ്ണൂർ കയർ പ്രൊജക്റ്റിലെ ചെറുവത്തൂർ സി.വി.സി.എസ്സ്–252.സംഘം തൊഴിലാളികൾക്ക് കൊവിഡ് ദുരിതാശ്വാസ കിറ്റുകൾ നൽകുന്നു.*


---

രസക്കയർ...

# ഒരുപിടി ചകിരി, വില 999 രൂപ

**തേ**ങ്ങ പൊതിച്ചതിനുശേഷം നമ്മൾ വലിച്ചെറിയുന്ന ചകിരിയാണ് 'സ്ക്രബർ' എന്ന പേരിൽ ഇപ്പോൾ ഇ കൊമേഴ്സിലെ ഭീമൻ സൈറ്റായ ആമസോണിൽ വില്പനയ്ക്ക് വെച്ചിരിക്കുന്നത്. ഇത്തരം പ്രകൃതിദത്ത വസ്തുക്കൾക്ക് ഇ കൊമേഴ്സ് സൈറ്റുകളിൽ ആവശ്യക്കാരും ഏറെയാണ്.

ഓർഗാനിക്ക് നാച്ചുറൽ ബയോ ഡിഗ്രെഡബിൾ കോകോനട്ട് കയർ സ്ക്രെബ് എന്ന പേരിൽ 999 രൂപയാണ് ഒരു വിൽപ്പനക്കാരൻ വിലയിട്ടിരിക്കുന്നത്. 53% വിലക്കിഴിവിൽ 469 രൂപയാണ് ഇപ്പോൾ 400 ഗ്രാം പാക്കറ്റിന്റെ വില. മറ്റു ചില വില്പനക്കാർ 83 തൊട്ട് 480 വരെ ഇതിന് വിലയിട്ടിരിക്കുന്നു.



# കവിത

# ആധി



സരസമായ് ത്തന്നെ
ജീവിച്ചു പോയവൾ
ചുവടുറപ്പിച്ചു നിന്നു മറഞ്ഞവൾ!
ദുരിത രാശിയിൽ
പെറ്റു വീണെങ്കിലും
കരളിലഗ്നി കെടാതെ
സൂക്ഷിച്ചവൾ.
മുളയെടുത്തതു
പാഴ് മണ്ണിലെങ്കിലും
വേരു നീട്ടിത്താൻ
വേണ്ടതെടുത്തവൾ'
വറുതികൾക്കു നടുവിൽ
പതറാതെ
നീറി നീറിയിരിക്കാതിരുന്നവൾ.
പെറ്റ മക്കളെ പോറ്റുവാൻ തീവെയി-
ലേറ്റു മണ്ണു കിളച്ചു മറിച്ചവൾ.
ജീവിതത്തിന്റെ വയലേല
തോറും തൻ
മക്കളെയും പണിക്കായിറക്കിയോൾ.
ചെളിയിൽ വീണവർ താഴ്ന്നുപോമെന്നോർത്ത്
ഖിന്നയാകാതെ
ദൃഢചിത്തമാർന്നവൾ.
കൊയ്ത്തു മത്സരം പോർമുഖമാകവെ,
കൊയ്ത്തരിവാളു -
മായിക്കുതിച്ചവൾ.
കൊള്ളിവാക്കുകൾ
നാവിന്റെ വീറിനാൽ
കരുണയില്ലാതരിഞ്ഞു കളഞ്ഞവൾ.
ദയനിറഞ്ഞു നനയുന്ന
നേരത്തു
നാട്ടുപാട്ടുകളാവോളം പാടിയോൾ.
സങ്കടങ്ങളസഹ്യ-
മാകുമ്പോൾ
ഒട്ടു നേരം കരഞ്ഞവൾ, എങ്കിലും
സടകുടഞ്ഞു കൊടുങ്കാറ്റുപോൽ വീണ്ടും
കദന ഭാരം മറന്നു പറന്നവൾ.
മറ്റൊരുകുടി തന്നിലും പാർപ്പുണ്ടു കെട്ടിയോ -
നെന്നറിഞ്ഞു ചൂളാത്തവൾ.
കാലുറയ്ക്കാതെ കള്ളിൻ ലഹരിയിൽ എത്തി
ടുമവന്നോർമ്മ പോകുമ്പൊഴും ധർമ്മബോധം
വെടിയാതിരുന്നവൾ.

തല നിറപ്പിനു വെള്ളം വരുകിലോ
അതിനു മീതെ തൻ  തോണി പിടിച്ചവൾ.
ഒന്നുമോർത്തോർത്തു
തീരെ തളരാതെ
ഓർത്തിരിക്കാൻ സമയമില്ലാതെ
ഒട്ടുമാറാത്തൊരാധിയിൽ
വേകാതെ
സ്വന്തമാം വഴി
വെട്ടിത്തെളിച്ചവൾ!
അവളുടെ മകളെങ്കിലും ആധിതൻ
അഗ്നികുണ്ഡത്തി - ലെരിയുന്നു ഞാൻ സദാ.
അവളുടേതു പോൽ ഇല്ലായ്മയില്ലെനി-
ക്കുള്ളതോർത്തു ഞാൻ
ആധിപിടിക്കവെ
വാനവീഥികൾക്കപ്പുറം
മിന്നുന്ന
താരമായവൾ
പുഞ്ചിരിക്കുന്നുവോ



• ഷാജി ജനാർദ്ദനൻ

# കയർഫെഡ് സർവീസിൽ നിന്നും വിരമിച്ചവർ



*കയർഫെഡിന്റെ ആലപ്പുഴ റീജിയണൽ ആഫീസറായി സർവ്വീസിൽ നിന്നും വിരമിച്ച ലീനയ്ക്ക് കയർഫെഡ് നൽകിയ യാത്രയപ്പ് യോഗത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ സംസാരിക്കുന്നു. ലീന, പെഴ്സണൽ മനേജർ എസ്. ഷീല തുടങ്ങിയവർ സമീപം.*

## റീജിയണൽ ആഫീസർ എൽ. ലീന

കയർഫെഡിന്റെ ആലപ്പുഴ റീജിയണൽ ആഫീസറായി സേവനമനുഷ്ഠിച്ചുവന്ന എൽ. ലീന സർവ്വീസിൽ നിന്നും വിരമിച്ചു. എൽ. ലീന 1991ൽ സർവീസിൽ പ്രവേശിച്ചു. 24 വർഷം കയർഫെഡിന്റെ ആലപ്പുഴ ആർ.സി.പി യൂണിറ്റിലും 2 വർഷം ആലപ്പുഴ ഹെഡ് ഓഫീസിലും 4 വർഷം ആലപ്പുഴ റീജിയണൽ ആഫീസിലും ഉൾപ്പെടെ ആകെ 30 വർഷത്തെ ദീർഘമായ സേവനത്തിനുശേഷമാണ് ലീന കയർഫെഡിന്റെ പടിയിറങ്ങുന്നത്. ഏൽപ്പിച്ച ജോലികളെല്ലാം തികഞ്ഞ ആത്മാർഥതയോടെയും സത്യസന്ധമായും ഉത്തരവാദിത്വത്തോടെയും ലീന നിർവ്വഹിച്ചു. അതോടൊപ്പം കയർഫെഡ് എംപ്ലോയീസ് സഹകരണ സംഘം പ്രസിഡന്റ്, കയർഫെഡ് എംപ്ലോയീസ് അസ്സോസിയേഷൻ (സി.ഐ.റ്റി.യു) നേതാവ് എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു.

സി.പി.ഐ(എം), സി.ഐ.റ്റി.യു എന്നീ സംഘടനകളുടെ ആലപ്പുഴ ജില്ലയിലെ പ്രമുഖ നേതാവായിരുന്ന ദാസപ്പന്റെ മകളും ചേർത്തലയിലെ സി.പി.ഐ(എം) നേതാവും അഭിഭാഷകനുമായ അഡ്വ. ഹർഷകുമാറിന്റെ ഭാര്യയുമാണ്. ലീനയ്ക്ക് കയർഫെഡിന്റെ വകയായി സമുചിതമായ യാത്രയപ്പ് നൽകി.



*കയർഫെഡിന്റെ ആലപ്പുഴ റീജിയണൽ ആഫീസറായി സർവീസിൽ നിന്നും വിരമിച്ച ലീനയ്ക്ക് കയർഫെഡ് ചെയർമാൻ ഉപഹാരം നൽകുന്നു.*

## ബി. പ്രദീപ്കുമാർ വിരമിച്ചു



കയർഫെഡ് ഡപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ ബി. പ്രദീപ്കുമാർ സർവ്വീസിൽ നിന്നും വിരമിച്ചു. വിരമിക്കുമ്പോൾ അദ്ദേഹം കയർഫെഡിന്റെ ആലപ്പുഴ ഹെഡ്ഓഫീസിൽ ഷോറൂം ഇൻസ്പെക്ഷന്റെ ചുമതല വഹിച്ചുവരികയായിരുന്നു. 1993 ൽ ആനത്തലവട്ടം ആനന്ദൻ കയർഫെഡ് പ്രസിഡന്റായിരുക്കുമ്പോഴാണ് ബി. പ്രദീപ്കുമാർ സെയിൽസ് പ്രോമോഷൻ ആഫീസർ തസ്തികയിൽ കരാർ വ്യവസ്ഥയിൽ കയർഫെഡ് സർവ്വീസിൽ നിയമിക്കപ്പെടുന്നത്. പിന്നീട് അദ്ദേഹം കയർഫെഡിൽ ആ തസ്തികയിൽ സ്ഥിരപ്പെട്ടു. കയർഫെഡിന്റെ സൂററ്റ്, അഹമ്മദ്ബാദ്, അമരാവതി തുടങ്ങിയ വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഷോറൂമുകളിൽ സേവനമനുഷ്ഠിച്ച അദ്ദേഹം 28 വർഷത്തിനുശേഷമാണ് കയർഫെഡിൽ ഡപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ തസ്തികയിൽ വിരമിച്ചത്.

## കെ. രാമചന്ദ്രൻ വിരമിച്ചു



കയർഫെഡ് നങ്ങ്യാർ കുളങ്ങര ഷോറൂമിന്റെ ചുമതല നിർവ്വഹിച്ചു വന്നിരുന്ന കെ. രാമചന്ദ്രൻ സർവ്വീസിൽ നിന്നും വിരമിച്ചു. കയർഫെഡിന്റെ പാലക്കാട്, മാവേലിക്കര തുടങ്ങിയ ഷോറൂമുകളിൽ മാനേജരുടെ ചുമതല വഹിച്ചിട്ടുണ്ട്.

# ആദരാഞ്ജലികൾ

## കയർഫെഡ് ജീവനക്കാരി വി. അജിതകുമാരി



**ക**യർഫെഡ് കൊല്ലം റീജിയണൽ ഓഫീസിലെ ജീവനക്കാരി വി. അജിതകുമാരി കോവിഡ് ബാധിച്ച് ചികിത്സയിലിരിക്കെ അന്തരിച്ചു. അജിതകുമാരിയുടെ വേർപാടിൽ കയർഫെഡിന്റെ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. കുടുംബാംഗങ്ങളുടെയും, പ്രിയപ്പെട്ടവരുടെയും ദുഃഖത്തിൽ പങ്കു ചേരുന്നു. ആദരാഞ്ജലികൾ.

## പാറശ്ശാല ബി. പൊന്നമ്മാൾ



**ക**ർണാടക സംഗീതത്തിലെ പാരമ്പര്യവിശുദ്ധിയുടെ പ്രതീകമായിരുന്നു പാറശ്ശാല ബി. പൊന്നമ്മാൾ അന്തരിച്ചു. കലർപ്പില്ലാത്ത സംഗീതത്തിന്റെ വക്താവായിരുന്നു അവർ. തിരുവനന്തപുരം സംഗീത കോളേജിലെ ആദ്യ വനിതാ പ്രിൻസിപ്പാൾ ആയിരുന്ന പാറശ്ശാല ബി. പൊന്നമ്മാൾ സ്വാതി തിരുനാൾ അടക്കമുള്ള കേരളീയ വാഗ്ഗേയകാരന്മാരുടെ കൃതികൾ പ്രചരിപ്പിക്കുന്നതിൽ നേതൃപരമായ പങ്ക് വഹിച്ചു. തിരുവനന്തപുരം നവരാത്രി സംഗീത മണ്ഡപത്തിൽ സ്ത്രീകൾക്ക് കയറി പാടാൻ അവസരം ഉണ്ടായിരുന്നില്ല. അവിടെ ആദ്യമായി കയറി പാടിയത് പാറശ്ശാല പൊന്നമ്മാളായിരുന്നു. പാറശ്ശാല ബി. പൊന്നമ്മാളുടെ വിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## പൂവച്ചൽ ഖാദർ



**ച**ലച്ചിത്രരംഗത്തും ലളിതഗാനരംഗത്തും വളരെ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ കവി പൂവച്ചൽ ഖാദർ അന്തരിച്ചു. പൂവച്ചൽ ഖാദറിന്റെ നിര്യാണം സാഹിത്യ സാംസ്കാരിക ലോകത്തിനു കനത്ത നഷ്ടമാണ്. നാനൂറോളം സിനിമകളിലായി 1400 ഓളം പാട്ടുകൾ അദ്ദേഹം എഴുതി. ഒരുപക്ഷേ മലയാളത്തിൽ ഏറ്റവും കൂടുതൽ ഗാനങ്ങൾ എഴുതിയ രചയിതാവ് പൂവച്ചൽ ഖാദർ ആയിരിക്കും.

അദ്ദേഹത്തിന്റെ ഗാനങ്ങളെല്ലാം ആസ്വാദകരുടെ ചുണ്ടിലും മനസിലും ഒരുപോലെ തത്തിക്കളിക്കുന്നതാണ്. അസാധാരണമായ സ്വീകാര്യതയാണ് ഖാദറിന്റെ ഗാനങ്ങൾക്കുണ്ടായത്. സിനിമാപ്പാട്ടുകളോടൊപ്പം ലളിതഗാനങ്ങൾകൊണ്ടും ശ്രദ്ധേയനായി അദ്ദേഹം. രാമായണക്കിളി... ജയദേവകവിയുടെ... തുടങ്ങിയ ഗാനങ്ങൾ നിരവധി പതിറ്റാണ്ടുകളായി കേരളത്തിലാകെ ശ്രദ്ധേയമായി നിൽക്കുന്നുണ്ട്. പൂവച്ചൽ ഖാദറിന്റെ വിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു

## എസ്. രമേശൻ നായർ



പ്രശസ്ത കവിയും ഗാനരചയിതാവുമായ എസ്. രമേശൻ നായർ കൊവിഡ് ബാധിതനായി കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ വിടവാങ്ങി. 73 വയസായിരുന്നു. ഭക്തിഗാനങ്ങൾ ഉൾപ്പെടെ 500ലധികം ഗാനങ്ങളാണ് അദ്ദേഹം രചിച്ചിട്ടുള്ളത്.

2010ലെ കേരളസാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരവും ഗുരുപൗർണമി എന്ന കാവ്യസമാഹാരത്തിനു 2018ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്ക്കാരവും ലഭിച്ചിട്ടുണ്ട്. വെണ്ണിക്കുളം സ്മാരക പുരസ്കാരവും ആശാൻ പുരസ്കാരവും ലഭിച്ചിട്ടുള്ള രമേശൻ നായരുടെ ജനനം. 1948 മേയ് 3ന് കന്യാകുമാരി ജില്ലയിലെ കുമാരപുരത്തായിരുന്നു. പരേതരായ ഷഡാനനൻ തമ്പിയും പാർവ്വതിയമ്മയുമാണ് മാതാപിതാക്കൾ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ സബ് എഡിറ്ററായും ആകാശവാണിയിൽ നിർമ്മാതാവായും രമേശൻ നായർ പ്രവർത്തിച്ചിരുന്നു.

1985ൽ പുറത്തിറങ്ങിയ പത്താമുദയം എന്ന ചലച്ചിത്രത്തിലെ ഗാനങ്ങൾ രചിച്ചുകൊണ്ടാണ് മലയാളചലച്ചിത്ര രംഗത്തേക്ക് പ്രവേശിക്കുന്നത്. തപസ്യ കലാസാഹിത്യ വേദിയുടെ സംസ്ഥാന പ്രസിഡണ്ടായിരുന്നു. തൃശൂർ വിവേകോദയം സ്കൂൾ റിട്ട. അദ്ധ്യാപികയും എഴുത്തുകാരിയുമായ പി. രമയാണ് ഭാര്യ. ഏക മകൻ മനു രമേശൻ സംഗീതസംവിധായകനാണ്. കവിയുടെ വിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



*കയർ വ്യവസായം മാസികയുടെ മെയ് ലക്കം കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ കയർഫെഡ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗം വി.എസ്. മണിക്ക് കോപ്പി നൽകിപ്രകാശനം ചെയ്യുന്നു.*

# കയർ വ്യവസായം മാസിക മെയ് ലക്കം പ്രകാശനം ചെയ്തു

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം മാസികയുടെ മെയ് ലക്കം പ്രകാശനം ചെയ്തു. കയർഫെഡിന്റെ ആലപ്പുഴയിൽ ചേർന്ന ബോർഡുയോഗത്തോടനുബന്ധിച്ച് കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ കയർഫെഡ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗം വി.എസ്. മണിക്ക് കോപ്പി നൽകി പ്രകാശനം ചെയ്തു. കയർഫെഡ് വൈസ്പ്രസിഡന്റ് ജോഷി എബ്രഹാം, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ എം. പുഷ്ക്കരൻ, പ്രമീള രമണൻ, ബോർഡ് അംഗങ്ങളായ എം. അമ്മിണി, എ. പ്രേമൻ, ആർ. അജിത്ത്കുമാർ, കഠിനംകുളം സാബു, മങ്ങംതറ ദേവൻ, എസ്. ശശിവർണ്ണൻ എന്നിവർ പങ്കടുത്തു

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-06-2021, June 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705